

എന്റെ അമ്മേ, എന്റെ ആശ്രയമേ!

(൩൦ ദിവസത്തെ ഭ. വി.)

# കർമ്മല കുസുമം

പുസ്തകം ൨൭.)    മെയ്    (ലക്കം ൫.


DHARMARAM COLLEGE LIBRARY BANGALORE. 15618

## * മെയ്മാസകീർത്തനം.

(ഏ. റവി. ദേവസ്സി, ഏങ്ങണ്ടിയൂർ.)

ബാൻറുനോട്ട്    "ലോകൈകനാഥേമാതേ," എന്ന രീതി.

1. നന്മനിറഞ്ഞനാഥേ! ലേശം ജന്മാഘമെന്യേ ജാതേ! ജവമിവനെ,
തിന്മയിൽനിന്നകററീടുക ജനനീ! സന്മാർഗ്ഗദർശിനി നീ, സംപൂജ്യേ!
സുരവരരൊത്തരിയമുദാ സുതനരികിൽ മേവും നീ,
സൂനുവാക്കിപ്പോറെന്നെ - സന്തതം.

2. കാരുണ്യവാരിരാശേ! കറയില്ലാത്ത പുണ്യരാശേ! കനിയണമേ,
കാണിച്ചീടേണമേനിൻ, തിരുസുതനെ, കന്മഷഹീനേ, മേരീ! മനോജ്ഞേ!
കരകവിയും കദനമഹാ കടലതിൽ മുങ്ങുമെന്നിൽ
കാരുണ്യം കാണിക്കേണം, കന്യകേ!

3. താവകഭക്തനമ്മേ! യെന്നും താങ്ങുനീ യാകേണമേ! സുകൃതിനിയേ!
തണ്ണമാം ചിന്തയെല്ലാം, പിട്ടവതിനായ്തന്നീടുകാശിസ്സുകൾ, സന്തതം,
തവചരണം മമശരണം; തുണവരണം ജീവാന്ത്യേ,
കന്യാകുലോത്തംസമേ! മാതാവേ!

* ഉടനെ പ്രസിദ്ധീകരിക്കാനിരിക്കുന്ന "ക്രിസ്തീയകീർത്തനമഞ്ജരി"യിൽനിന്ന്.

# പ്രസാധകക്കുറിപ്പുകൾ.

### വണക്കമാസം.

നിങ്ങളുടെ കുടുംബത്തിൽ ദൈവജനനിയുടെ വണക്കമാസം ഘോഷിക്കുന്നതിലുള്ള ശുഷ്കാന്തി കൂടിയാണൊ കുറഞ്ഞാണൊ വരുന്നതു എന്നു പരിശോധിച്ചു നോക്കുക. കൂടിവരുന്നതായിക്കാണുന്നപക്ഷം ദൈവാശീർവ്വാദത്തിന്റെ നിക്ഷേപം നിങ്ങൾക്കു ഒരിക്കലും കുറവുവരികയില്ലെന്നു തീർച്ചപ്പെടുത്താം. നേരെമറിച്ചു. ദൈവജനനിയുടെ ഭക്തി നിങ്ങളിൽ മന്ദീഭവിച്ചുവരികയാണെങ്കിൽ വരപ്രസാദത്തിന്റെ വാതിൽ നിങ്ങൾതന്നെ അടച്ചുതുടങ്ങിയിരിക്കയാണ്. അതു എത്രയും അടഞ്ഞിട്ടുണ്ടെന്നു അറിയണമെങ്കിൽ, നിങ്ങളുടെ കുടുംബത്തിന്റെ തല്ക്കാലസ്ഥിതി എങ്ങിനെയിരിക്കുന്നു എന്നു നോക്കിയാൽ മതി. അന്യോന്യ സമാധാനവും സംതൃപ്തിയും അശേഷമില്ലാതെ, കലഹത്തിന്റെയും അസൂയയു

ടെയും നിരാശയുടെയും ഒരു രംഗസ്ഥലമായി നിങ്ങളുടെ കുടുംബം തീൎന്നിരിക്കയാണെങ്കിൽ വരപ്രസാദ പ്രവേശനമാൎഗ്ഗം നിശ്ശേഷം അടഞ്ഞുപോയി എന്നു കരുതിക്കൊൾക. അങ്ങനെ വരാതിരിപ്പാൻ ദൈവം ഇടയാകട്ടെ! നിൎഭാഗ്യവശാൽ ആ സ്ഥിതിയിലായിപ്പോയിട്ടുണ്ടെങ്കിൽ വീണ്ടും ദൈവജനനിയുടെ ഭക്തിയേ ഉദ്ദീപിപ്പിക്കുക. വണക്കമാസം കൂടുതൽ ഭക്തിസമേതം കൊണ്ടാടുക. പ്രതിദിനജപമാല മുടക്കാതെ ശ്രദ്ധാപൂൎവ്വം ചൊല്ലുക. അത്ഭുതമായ ഫലം നിങ്ങൾക്കു അനുഭവസിദ്ധമാകും.

## കത്തോലിക്കാ കോൺഗ്രസ്.

ഇതിനുമുമ്പ് കഴിഞ്ഞിട്ടുള്ള കോൺഗ്രസ്സുകളെയെല്ലാം പലതുകൊണ്ടും ജയിക്കത്തക്ക നിലയിൽ പാലായിൽ വച്ചു ഇക്കൊല്ലത്തെ കേരളീയ കത്തോലിക്ക കോൺഗ്രസ്സ് വിജയകരമായി പൎയ്യവസാനിച്ചിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കയും തൽപ്രവൎത്തകന്മാരെ ഹാൎദ്ദമായി അഭിനന്ദിക്കയും ചെയ്യുന്നു. മദ്രാസ് നിയമസഭാ പ്രസിഡണ്ടായിരുന്ന ദേഹവും ഇപ്പോൾ സാമ്രാജ്യ നിയമസഭയുടെ ഒരു അംഗവുമായ ബഹുമാനപ്പെട്ട രത്നസ്വാമി എം. എ. ബാർ. അററ ലോ അവൎകളെ കോൺഗ്രസ്സിൽ അദ്ധ്യക്ഷനായി ലഭിച്ചതുതന്നെ അത്ഭുതപൂൎവ്വമായ ഒരു വിജയമാണ്. അദ്ദേഹത്തിന്റെ പ്രൌഢഗംഭീരമായ അദ്ധ്യക്ഷപ്രസംഗം തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജ്യതന്ത്രജ്ഞന്മാരുടെ സവിശേഷമായ ശ്രദ്ധയെ അൎഹിക്കേണ്ടതും, മേലിൽ നമുക്കു പലതിനും ഒരു ആധാര ലക്ഷ്യമായി എടുക്കാവുന്നതുമാണ്. ഒരാഴ്ചത്തേക്കു നീളിച്ച സമ്മേളനചടങ്ങുകളെല്ലാം ഒന്നിനു പ്രാകൊന്നായി അക്ഷീണമായ ഉന്മേഷത്തോടുകൂടെ തന്നെ നിൎവ്വഹിക്കപ്പെടുകയുണ്ടായെന്നു മാത്രമല്ല, പണ്ടുണ്ടായിട്ടില്ലാത്ത വിധമുള്ള ഒരുണൎച്ച സൎവ്വത്ര ഉത്ഭവിപ്പിക്കയും ചെയ്തിട്ടുണ്ട്. ഇതൊന്നും ശാശ്വതമായ പ്രവൃത്തികളായി കരുതാനില്ലെങ്കിലും ശാശ്വതമായ പ്രവൃത്തികളിലേക്കുള്ള മാൎഗ്ഗമാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടാകാൻ തരമില്ല. അതിനാൽ ഈ വിധം ഉല്പന്നമായിരിക്കുന്ന ഉന്മേഷത്തെ പ്രായോഗികമായ പദ്ധതികളിലേക്കു തിരിക്കുന്നതിനു നേതാക്കന്മാർ ഉത്സാഹിച്ചാൽ കോൺഗ്രസ്സ് പൂൎണ്ണമായും സഫലമാകും. അതിനു ദൈവം ഇടയാക്കട്ടെ എന്നാണ് ഇപ്പോഴത്തെ ഞങ്ങളുടെ ഹൃദയംഗമമായ പ്രാൎത്ഥന.

## പ്രാൎത്ഥനാപ്രമേയം.

കോൺഗ്രസ്സ് വാരത്തിൽ നി. വ. ദിവ്യശ്രീ ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർമെത്രാനച്ചൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ മേ 6നു- വെള്ളിയാഴ്ച പാലായിൽവച്ചുനടന്ന കെ. സി. സി. എ. യുടെ സംയുക്ത വാൎഷികസമ്മേളനാവസരത്തിൽ മെക്സിക്കോയിലെ മതപീഡനം അവസാനിക്കുന്നതുവരെ, ഏഴായിരത്തിൽചില്വാനത്തോളം വരുന്ന കേരളീയകത്തോലിക്കാബാലസംഘാംഗങ്ങൾ ഓരോരുത്തരും പ്രതിദിനം ഒരു 'നന്മനിറഞ്ഞമറിയം' വീതം ചൊല്ലി പ്രാൎത്ഥിക്കേണ്ടതാണെന്നുള്ള പ്രമേയം സൎവ്വസമ്മതമായി പാസ്സാക്കപ്പെട്ടിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. മെക്സിക്കോയിലെ സ്ഥിതിഗതികൾ ഇനിയും ഒട്ടും വ്യത്യാസപ്പെടാതെയാണിരിക്കുന്നതു്. മെത്രാന്മാരെയും പട്ടക്കാരേയും ഇപ്പോഴും നാടുകടത്തിക്കൊണ്ടിരിക്കുന്നു. ഗവൎമ്മെണ്ടിന്റെ പീഡനനയത്തിനു അനുകൂലിക്കാത്തവരെയെല്ലാം നാനാപ്രകാരത്തിൽ ഞെരുക്കിവരുന്നു. കാല്പസും ബോൾഷേവിക്കുകാരുമായുള്ള കൂട്ടുകെട്ടുകൾ വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പീഡിതരായ നമ്മുടെ ഈ സഹോദരങ്ങൾക്കുവേണ്ടി നാം തുടർച്ചയായി പ്രാൎത്ഥിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു വിശദമാണല്ലൊ. കേരളീയബാലികാബാലന്മാരുടെ ശ്ലാഘനീയമായ ഈ പ്രസ്ഥാനത്തെപ്പററി കേൾക്കുന്നതു പരിശുദ്ധപിതാവിനു നിസ്സീമമായ ആശ്വാസത്തിനു കാരണമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

# മേമാസവണക്കം.

(റൈററ് റവ. മോൺസി. ജേക്കബ് കല്ലറയ്ക്കൽ.)

മേയ് മാസം മാതാവിൻെറ മാസമാണെന്നു കൊച്ചുകുട്ടികൾക്കുപോലും അറിയാവുന്നതാണ്. ഈ മാസം യഥായോഗ്യം ആചരിക്കുന്നതിനു കത്തോലിക്കലോകം മുഴുവനിലുമുള്ള പുരുഷന്മാരും സ്ത്രീകളും, വലിയവരും, ചെറിയവരും, ധനവാന്മാരും, നിർദ്ധനരും ഒരുപോലെ അത്യുത്സാഹികളായി കാണപ്പെടുന്നു. മലയാളത്തിലെ കത്തോലിക്കരും മരിയ ഭക്തിയിൽ മികച്ചു നിൽക്കുന്നുവെന്നുള്ളതു ലോകപ്രസിദ്ധമാണ്. ആകയാൽ മേയ് മാസവണക്കത്തെ പൂർവ്വാധികം ആഘോഷമായും, ഭക്തിയോടുംകൊണ്ടാടുന്നതിന് നിങ്ങളെ പ്രേരിപ്പിക്കുന്നതിനും, നിങ്ങളെ മാതാവിൻെറ യഥാർത്ഥമക്കളാക്കിത്തീർക്കുന്നതിനും വേണ്ടി ചുരുങ്ങിയ വചനങ്ങളെ ഈ ശുഭാവസരത്തിൽ നിങ്ങളോടു പറയുന്നതു അവസരോചിതമായിരിക്കുമെന്നു കരുതുന്നു.



"എന്നെകണ്ടെത്തുന്നവൻ ആയുസ്സിനെ കണ്ടെത്തും, കർത്താവിങ്കൽനിന്നു രക്ഷയെ കരസ്ഥമാക്കുകയുംചെയ്യും" എന്നു ഉപ്പാരികളുടെ പുസ്തകത്തിൽ പരിശുദ്ധ കന്യകമറിയം തന്നെക്കുറിച്ചു തന്നെ പറയുന്നു. വി. യോഹന്നാൻ ദമസ്സേനൂസ് പറയുന്നതായതു്: "പരിശുദ്ധകന്യകയേ! നിൻെറ മേലുള്ള ഭക്തി ദൈവം തൻെറ തിരഞ്ഞെടുക്കപ്പെട്ടവർക്കു നൽകാറുള്ള രക്ഷയുടെ ഒരു ആയുധമാകുന്നു." എന്നാൽ ഏതു നിലയിലാണ് പരിശുദ്ധ കന്യകമറിയത്തെ നാം കാണുകയും കണ്ടെത്തുകയും ചെയ്യേണ്ടതു്. ആ കന്യകയെ നാം കാണേണ്ടതു നമ്മുടെ അമ്മയായിട്ടാകുന്നു. തള്ള എന്ന നിലയിലാണ് ആ നാഥ നമുക്കു മുഖ്യമായി പരിചയപ്പെടേണ്ടതു്. ആ രാജ്ഞിയുടെ നേർക്കുള്ള നമ്മുടെ ഭക്തി, മക്കൾക്കടുത്തതായിരിക്കണം. അവൾക്കു സിദ്ധിച്ചിരിക്കുന്നതിൽ ഏററം ഉന്നതമായ നാമം "ദൈവത്തിൻെറ അമ്മ" എന്നാണ്. "മറിയത്തിനു രണ്ടു സന്താനം ഉണ്ടു്. ഒന്നു് ദൈവമനുഷ്യൻ, മററതു് മനുഷ്യഗണം; മറിയം ഇരുവരുടെയും അമ്മയാകുന്നു" എന്നു ബൊനവെഞ്ചുരാ പുണ്യവാൻ പറയുന്നു. വി. യോഹന്നാൻെറയും അയാളുടെ പ്രാതിനിധ്യത്തിൽ മനുഷ്യരെല്ലാവരുടെയും അമ്മയായിട്ടാണ് നമ്മുടെ കർത്താവു തൻെറ മരണാവസരത്തിൽ പരിശുദ്ധമറിയത്തെ കല്പിച്ചുതന്നതു്. രാജ്ഞിയെന്നോ, കന്യക അല്ലെങ്കിൽ നാഥയെന്നോ മററേതെങ്കിലും പദമൊ പ്രയോഗിക്കാതെ അമ്മയെന്ന ഉത്തമ നാമത്താൽ മറിയത്തെ സംബോധന ചെയ്തുകൊണ്ടു "ഇതാ നിൻെറ അമ്മ" എന്നു ചൂണ്ടിക്കാണിച്ചു. വിശുദ്ധ കൊച്ചുത്രേസ്യാ ഇപ്രകാരം പറയുന്നു. പരിശുദ്ധ മറിയത്തെ അമലോത്ഭവയായും, മോക്ഷവാസികളുടെ രാജ്ഞിയായും, സ്വർഗ്ഗനാഥയായും, വല്ലഭത്വം നിറഞ്ഞവളായും മററും ഓരോവിധത്തിൽ ബഹുമാനിക്കുയും സ്നേഹിക്കുയും ചെയ്യുന്നവർ അധികമുണ്ടു്. അങ്ങേ ശക്തിയും മഹിമയും അവർ കൊണ്ടാടുന്നുമുണ്ടു്. എന്നാൽ മാതാവെന്നു വിളിക്കുയും അ

വളുടെ മാതൃപക്ഷത്തെ വേണ്ടവിധം അറിഞ്ഞു അനുവൎത്തിക്കയും ചെയ്യുന്നവർ നന്നാ ചുരുങ്ങും. ഞാനോ എന്നാൽ എല്ലാററിലും മേലായി "അമ്മ"യെന്ന നാമത്തെ ഇഷ്ടപ്പെടുന്നു. ഈ നാമശ്രവണമാത്രയിൽ സ്നേഹത്താൽ അവളിലേയ്ക്കു ഞാൻ ആകൎഷിക്കപ്പെടുകയും ചെയ്യുന്നു.

അതേ, ഇതു വളരെ സ്വാഭാവികമത്രെ. അമ്മയെന്ന പദത്തേക്കാൾ പരിചയമുള്ളതായി നമുക്കു വേറൊരു വാക്കില്ല. നാം ഒന്നാമതായി ഉച്ചരിച്ചതു ഈ വാക്കാണ്. ആപൽഘട്ടങ്ങളിലും അതികഠിനമായ ദുഃഖാരിഷ്ടതകളിലും നാം അറിയാതെതന്നെ നിലവിളിക്കുന്നതും അമ്മേ എന്നാണല്ലൊ. ഒരു അമ്മയും അവളുടെ കുട്ടിയും തമ്മിലുള്ള ബന്ധം പ്രകൃതിദത്തമാണ്. അതിൻെറ ചൈതന്യം ദുൎഗ്രാഹ്യവും ശക്തി നിസ്സീമവുമായിരിക്കുന്നു. ഏതുവിധ ക്ലേശങ്ങളും നഷ്ടങ്ങളും അവഗണിച്ചും സഹിച്ചും തൻെറ കുഞ്ഞിൻെറ ഗുണത്തിനായി കഷ്ടപ്പെടുന്ന ഒരു ഹൃദയം അമ്മയ്ക്കല്ലാതെ മററാൎക്കാണുള്ളതു? പ്രവാസജീവികളായ മനുഷ്യൎക്കു ആശ്രയവും ആശ്വാസവുമായിട്ടു മറിയത്തെ സ്ഥാപിച്ചപ്പോൾ ഈശോതന്നെയും അമ്മ എന്ന പദപ്രയോഗത്താലാണ് ഇരുപാൎട്ടുകാരും തമ്മിലുള്ള ബന്ധത്തെ ദൃഢീകരിച്ചതു്. ആകയാൽ മറിയത്തിൻപക്കൽ നാം അണയേണ്ടതും അമ്മേ എന്നു വിളിച്ചുകൊണ്ടല്ലയൊ? ജ്ഞാനകുഞ്ഞുമക്കളായ നമ്മുടെ ഹൃദയത്തിൽ മറിയത്തിൻനേരെയുള്ള മനോവിശ്വാസവും പക്ഷവും ഉജ്ജ്വലിക്കുന്നതിനും മാതൃനിൎവിശേഷമായ അവളുടെ ഹൃദയത്തെ സ്പൎശിക്കുന്നതിനും അമ്മയെന്ന പദത്തെക്കാൾ പൎയ്യാപ്തമായി വേറെ എന്താണുള്ളതു്. രാജ്ഞിക്കടുത്ത പ്രതാപത്തെക്കാൾ അമ്മക്കടുത്ത അലിവോടുകൂടി അവളെ കാണുമ്പോഴല്ലയൊ നമ്മുടെ ഹൃദയത്തിനു ആശ്വാസാനന്ദവും കുളിൎമ്മയും ധൈൎയ്യവും ഉണ്ടാകുന്നതു്. വ്യക്തിഹീനരായിരിക്കുന്ന കുഞ്ഞുങ്ങളെ കഴുകി വെടിപ്പാക്കി പിതാവിൻെറ കരങ്ങളിൽ ലാളനക്കായി കൈയാളിക്കുന്നതു തള്ളമാരല്ലയൊ? ഇതുപോലെ പാപച്ചേററിൽ ആണ്ടുകിടക്കുന്ന ആത്മാക്കളെ ജ്ഞാനവിധത്തിൽ കഴുകി ശുദ്ധിവരുത്തി സ്വൎഗ്ഗീയപിതാവിൻെറ പ്രീതിക്കു പാത്രീഭവിപ്പിക്കാൻ തക്ക ആൾ നമ്മുടെ സ്വൎഗ്ഗീയ അമ്മയല്ലാതെ മററാരാണ്. പാപികളായ നമ്മെ അടിക്കുന്ന ദൈവനീതിയുടെ വടിയെ ഈ അമ്മയല്ലാതെ ആരു തടുക്കും. സൂൎയ്യൻെറ ഉഗ്രമായ ചൂടേററു തളൎന്ന സസ്യവൃക്ഷലതാദികളുടെ വാട്ടവും കോട്ടവും നീക്കി തണുപ്പിച്ചുല്ലസിപ്പിക്കുന്നതു ചന്ദ്രൻെറ കുളുൎമ്മയുള്ള പ്രകാശത്തിണലായിരിക്കുന്നതുപോലെ, നീതിസൂൎയ്യനായ സൎവ്വേശ്വരൻെറ കോപത്തിനു വിഷയീഭൂതരായിരിക്കുന്ന പാപികൾക്കു ശരണവും ആദരവും സങ്കേതവും ജ്ഞാനചന്ദ്രനായിരിക്കുന്ന ഈ അമ്മതന്നെയായിരിക്കുന്നു. "ഹാ പരിശുദ്ധ കന്യകയെ! നീ എനിക്കു എത്രയൊ നല്ല അമ്മയായിരിക്കുന്നു. നിനക്കുപോലും ഇത്ര നല്ല അമ്മയില്ലായിരുന്നല്ലൊ" എന്നു വി. കൊച്ചുത്രേസ്യാ പറഞ്ഞിരിക്കുന്നു. അതേ നമ്മുടെ സത്യമായ അമ്മ സ്വൎഗ്ഗരാജ്ഞിയായ മറിയമത്രെ. നാം അങ്ങേക്കുഞ്ഞുമക്കളാകുന്നു. ആ അമ്മ കരതലങ്ങൾ വിടുൎത്തി എല്ലാവരെയും എരിയുന്ന പക്ഷത്തോടുകൂടി തൻെറ മാൎവ്വോടണക്കുന്നു. അസാധ്യങ്ങളും നമ്മുടെ ദൃഷ്ടിയിൽ എത്തുപെടാത്തവയുമായ ആവശ്യങ്ങൾകൂടി അവൾ സാധിച്ചുതന്നുകൊണ്ടേയിരിക്കുന്നു. ലോകമാതാക്കൾ കൈവിട്ടാലും ഈ അമ്മ ഒരിക്കലും നമ്മെ ഉപേക്ഷിക്കയില്ല. എന്നിരിക്കെ സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നു നാം എത്ര വലിയ മനോശരണത്തോടുകൂടി വിളിക്കുന്നുവോ, അതേവിധത്തിൽ സ്വൎഗ്ഗസ്ഥയായ ഞങ്ങളുടെ മാതാവേ! എന്നു വിളിപ്പാൻ ന്യായമില്ലയോ? "ഇതാ നിൻെറ അമ്മ" എന്നു കൎത്താവു ചൂണ്ടിക്കാണിക്കുന്നു. അമ്മയുടെ ദൎശനത്തിൽ കുഞ്ഞുങ്ങൾ ചാടി ചിരിച്ചു കളിച്ചു സന്തോഷിക്കയും അവളിലേയ്ക്കു ബലാൽ ആകൎഷിക്കപ്പെട്ടു

കയും ചെയ്യുന്നതു ഈ അമ്മയെ സംബന്ധിച്ചും നമുക്കു അനുഭവപ്പെടേണ്ടയോ?.

പ്രകൃതിതന്നെയും ഇതാ ഈ മാസത്തിൽ സന്തോഷിക്കുന്നു. വൃക്ഷങ്ങൾ തളിർക്കുന്നു, പുഷ്പങ്ങൾ വികസിക്കുന്നു. ആകയാൽ ഈ മാസത്തിൽ നിങ്ങളും മാതൃമരീയ ഭക്തിയിൽ വളർന്നു വിളങ്ങുവിൻ. പരിശുദ്ധ മറിയം അമ്മസ്സൂട്ടത്ത പക്ഷത്തോടുകൂടി നിങ്ങളെ കടാക്ഷിപ്പാനായി, നിങ്ങളും മക്കൾക്കടുത്ത സ്നേഹത്തോടുകൂടി ഈ അമ്മയെ വിളിക്കയും സ്നേഹിക്കയും ചെയ്യുവിൻ! പരുന്തു മുതലായ ശത്രുക്കളെ കാണുമ്പോൾ കോഴിക്കുഞ്ഞുങ്ങൾ തള്ളയുടെ ചിറകിൻകീഴ് ഓടിച്ചെന്നു് അഭയംപ്രാപിക്കുന്നതുപോലെ, നരക കഴുകനായ പിശാചു് നിങ്ങളെ ഉപദ്രവിപ്പാൻ തുടങ്ങുമ്പോൾ ഈ അമ്മയുടെ ആദരവിൽ ആശ്രയിച്ചു് അഭയം പ്രാപിക്കുവിൻ. അവളുടെ ജന്മശത്രുവായ പിശാചിനു് അരനിമിഷംപോലും നിങ്ങളുടെ ഹൃദയത്തിൽ സ്ഥലം അനുവദിക്കാതിരിപ്പാനും പ്രത്യേകമായി ഈ അമ്മയുടെ എളിമ, ക്ഷമ, കീഴ്‌വഴക്കം, പരസ്നേഹം മുതലായ പുണ്യങ്ങളാൽ നിങ്ങളുടെ ആത്മാവിനെ അലങ്കരിപ്പാനും ഉത്സാഹിപ്പിൻ. പീഠങ്ങളിന്മേൽ ധാരാളമായി പുഷ്പങ്ങൾ സമർപ്പിക്കുന്നതോടുകൂടി നിങ്ങളുടെ ഹൃദയ കമലങ്ങളേയും നിങ്ങളെ മുഴുവനായും ഈ അമ്മയ്ക്കു കാഴ്ചവെച്ചുകൊണ്ടു് "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്ന അമ്മേ! മനോജ്ഞമുള്ള ശുദ്ധ നിന്റെ കണ്ണുകൾകൊണ്ടു ഞങ്ങളെ വിരവിൽ തിരിഞ്ഞുനോക്കണമെ" എന്നു ഹൃദയപൂർവ്വം പ്രാർത്ഥിപ്പിൻ.

## ദിവ്യോപദേശ ശകലങ്ങൾ.

(വെരി. റവ. ഫാദർ ഗാബ്രിയേൽ സി. ഡി.)

സ്നേഹം പ്രത്യേകമായി പരിശോധിക്കപ്പെടുന്നതു് ഞെരുക്കങ്ങളിലാണല്ലോ. ഈ തത്വത്തേക്കുറിച്ചു് ഈശോ അവിടത്തെ സ്നേഹഭാജനമായ ബനീഞ്ഞാ എന്ന കന്യകയോടു അരുളിച്ചെയ്ത വ്യാഖ്യാനമാവിതു്: "ബാഹ്യമായോ അഭ്യന്തരമായോ എന്തെങ്കിലും ക്ലേശങ്ങൾ നിനക്കു സഹിക്കുന്നതിനുള്ളപ്പോൾ, അതു പരിശുദ്ധമായ സ്നേഹത്തോടുകൂടി സഹിക്കുന്നുണ്ടെന്നു തീർച്ചയാക്കി അവയെ നീ സാഫല്യങ്ങളാക്കിത്തീർക്കണം. ഭക്തിയുള്ളവരായ ഒട്ടേറെ ആത്മാക്കൾ, തങ്ങളുടെ സഹനങ്ങളെക്കുറിച്ചു് അന്യന്മാരോടു് പറഞ്ഞു അതിൽനിന്നുളവാകുന്ന യോഗ്യതകളെ തങ്ങൾ തന്നെ കുറക്കുന്നു. പ്രകൃതത്തിൽ അവർ ആവലാധി പറയുന്നില്ലെങ്കിലും, മറ്റുള്ളവരും അവരുടെ പീഡകളെപ്പറ്റി അറിയണം എന്നാണു് അവരുടെ ആഗ്രഹം. ഈ നടത്ത എന്റെ ദിവ്യഹൃദയത്തിനു് പ്രസാദജനകമല്ല; കാരണം, ഞാൻ നൽകുന്ന പീഡകൾ ആത്മാക്കൾ ക്ഷമയോടും, ദൈവതിരുമനസ്സിനുള്ള അനുയോജ്യതയോടും കൂടെ സഹിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഒരുപക്ഷേ, സൃഷ്ടികൾക്കു അവയെ വെളിപ്പെടുത്തുന്നതുകൊണ്ടു് അവരുടെ ക്ലേശങ്ങൾ അവർ ലഘൂകരിക്കാമെന്നായിരിക്കാം അവർ വിചാരിക്കുന്നതു്. മറിച്ചു, അതുകൊണ്ടുതന്നെ അവർ അരൂപിയിൽ മന്ദന്മാരും സ്നേഹത്തെക്കുറിച്ചുള്ള സഹനങ്ങളിൽ അശക്തന്മാരും ആയി ഭവിക്കുന്നതേയുള്ളൂ."

പ്രസാദവരം കഴിഞ്ഞാൽ ഒരാത്മാവിന് ലഭിക്കാവുന്നതിലേക്കും, ഏററം വലിയ വരം കുരിശു അഥവാ ക്ലേശങ്ങളാണ് എന്ന് ഈശോ ഒരിക്കൽ ബെനീഞ്ഞയോട് പറകയുണ്ടായി. അവൾ തന്റെ ദിവ്യഗുരുവരന്റെ ഈ വിശേഷ പഠനത്തെ പ്രായോഗികമാക്കാതിരുന്നില്ല. അവൾക്ക് നേരിട്ട എല്ലാ സങ്കടങ്ങളിലും, തന്റെ സ്വാർത്ഥത്തേക്കാൾ തനിക്കേററം പ്രിയനായ ദൈവത്തെ ചിന്തിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം സായംകാലത്തിൽ ബെനീഞ്ഞാ സോദരി കരഞ്ഞുകൊണ്ടിരിക്കയായിരുന്നു. അതിന്റെ കാരണത്തെപ്പററി അവളോട് ചോദിച്ചയാളിനു് ഇങ്ങനെയായിരുന്നു അവൾ പ്രത്യുത്തരം നൽകിയതു്. ഇനിക്കു സങ്കടങ്ങൾ നൽകുന്നതിനുവേണ്ടി ഈശോ അങ്ങയോടുതന്നെ ബലം ചെയ്യുന്നുവെന്നോർത്തിട്ടാണ് ഞാൻ പ്രലപിക്കുന്നതു്. എന്നെ അവിടുന്നു് അങ്ങേ ഒരു പരിഹാര ബലിസാധനമായി തിരിഞ്ഞെടുത്തിരിക്കയാൽ അവിടുന്നു് അങ്ങിനെ എന്നോടു ചെയ്യേണ്ടതാണെന്നും, എന്നാൽ അങ്ങേ സ്നേഹത്തെ എന്നിൽനിന്നു ആവരണം ചെയ്യേണ്ടിവരുന്നതിനാൽ അതു അവിടുത്തേക്കു മമ്മഭേദകമാണെന്നും എനിക്കു നല്ലവണ്ണം അറിയാം."

ഈ കന്യക കഠിനമായ രോഗങ്ങളാലും അവർണ്ണനീയങ്ങളായ വേദനകളാലും, പീഡിതയായിത്തീർന്നു. ഒരവസരത്തിൽ ബെനീഞ്ഞാ ഇങ്ങനെ പറകയുണ്ടായി. 'ഞാൻ എന്തുരോഗത്താലാണ് ബാധിതയായിരിക്കുന്നതെന്നു എനിക്കറിവാൻ പാടില്ല. എന്നാൽ അതത്രഗണനീയമല്ലതാനും. ഓ! സ്മരണപഥത്തിൽ വന്നുകൂടുന്ന ഓരോ വിചാരങ്ങളും ഒട്ടും താമസിപ്പിക്കാതെ തള്ളിക്കളയുന്നതിനു് സാധിക്കുന്ന ആത്മാവിന്റെ സമാധാനം എത്രയോ അഭിലഷണീയം! എനിക്കു അത്യന്തം സന്തോഷജനകമോ, വ്യസനകരമോ ആയ എന്തെങ്കിലും വിചാരം എന്റെ ഹൃദയത്തിൽ കടന്നുകൂടുമ്പോൾ അതു തൽക്ഷണത്തിൽ ദൂരീകരിച്ചുകൊണ്ടു് എന്നോടുതന്നെ ഞാൻ ഇങ്ങനെ പറയും. "ഈ കാര്യം എന്നെ സംബന്ധിക്കുന്നില്ല".

## മാർപ്പാപ്പായുടെ പരമാധികാരം എന്നുതുടങ്ങി?

(ശ്രീമാൻ സി. അന്തപ്പായി ബി. ഏ.)

റോമാമാർപ്പാപ്പായുടെ പരമാധികാരം ഇടക്കാലത്തു ആരോ കണ്ടുപിടിച്ചതാണെന്നു് ചില അകത്തോലിക്കർ ഇപ്പോഴും ശഠിക്കുന്നുണ്ടു്. ക്രിസ്ത്യാനി മതത്തിന്റെ സ്ഥാപനം മുതൽ റോമാസിംഹാസനം കിഴക്കൻ സഭകളിൽ നിന്നും അപ്പീലായി കേസുകളെ എടുത്തു വിധി പറയുന്നതും, അതിന്റെ തീർപ്പു അവസാനമായും പിൻവലിക്കുവാൻ പാടില്ലാത്തതായും ഇരിക്കുന്നതും, നാം കണ്ടാൽ എല്ലാ സഭകളുടെ മേലും അതിനുള്ള ആധിപത്യം നിഷേധിക്കപ്പെടുവാൻ പാടില്ലാത്ത ഒരു സത്യമാണെന്നു നിർണ്ണയിക്കാവുന്നതല്ലയോ?

ഞാൻ ഇവിടെ ഏതാനും ഉദാഹരണങ്ങൾ പറയാം:— വിശുദ്ധ പത്രോസിന്റെ മൂന്നാമത്തെ അനുഗാമിയും, വിശുദ്ധ. പൌലോസിനാൽ തന്റെ ലേഖനങ്ങളിലൊന്നിൽ സ്തുതിക്കപ്പെട്ടിരിക്കുന്നദേഹവുമായ വിശുദ്ധ ക്ലേമന്തുമാർപ്പാപ്പാ മുതൽക്കു നമ്മ

ക്കു തുടങ്ങുക. കോറിന്തിയ സഭയിൽ ചില ഭിന്നതകളും അപശ്രുതിയും ഉണ്ടായപ്പോൾ ആ കാൎയ്യം ക്ലേമന്തു് മാപ്പാപ്പയുടെ അടുക്കൽ കൊണ്ടുവന്നു. അദ്ദേഹം ഉടനെ കോറിന്തിയാക്കാൎക്കു ശാസനത്തിന്റെയും ഉപദേശത്തിന്റെയും എഴുത്തുകൾ എഴുതി തന്റെ ശ്രേഷ്ഠാധികാരത്തെ പ്രയോഗിക്കുന്നു. ഈ ലേഖനങ്ങളെക്കുറിച്ചു കോറിന്തിയയിലെ വിശ്വാസികൾക്കുണ്ടായിരുന്നു് ഭയഭക്തിയുടെ ആധിക്യം നിമിത്തം ഒരു നൂറാണ്ടുവരെ അവയെ അവരുടെ പള്ളികളിൽ പരസ്യമായി വായിക്കുക പതിവായിരുന്നു. വിശുദ്ധ യോഹന്നാൻ അപ്പൊസ്തോലൻ അപ്പോഴും ജീവിച്ചിരുന്ന സ്ഥലവും, കിഴക്കു അവരുടെ സ്വദേശത്തിനടുത്തുള്ളതുമായ എഫെസൂസിലെക്കല്ലാതെ, പടിഞ്ഞാറു വളരെ ദൂരെക്കിടക്കുന്ന റോമയിലേക്കു കോറിന്തിയക്കാർ അപ്പീൽ ചെയ്വതെന്തിനു? എഫേസൂസിലെ അധികാരം ആ സ്ഥലത്തെ സംബന്ധിച്ചതും, റോമയുടേതു സാമാന്യമായിട്ടുള്ളതും ആയിരുന്നതുകൊണ്ടാണെന്നു സ്പഷ്ടമാകുന്നു.

ഏകദേശം 190-ാം വൎഷത്തിൽ ഉയിൎപ്പിന്റെ തിരുനാൾ ആചരിക്കുന്നതിനുള്ള ശരിയായ ദിവസം ഏതാണെന്നുള്ളതിനെക്കുറിച്ചു ഒരു ഇളക്കം കിഴക്കൻ രാജ്യത്തുണ്ടാകയും, ആ കാൎയ്യം വിശുദ്ധ ഒന്നാം വിക്തോർ മാപ്പാപ്പയുടെ അടുക്കൽ കൊണ്ടുവരുകയും ചെയ്തു. കിഴക്കൻസഭ സാധാരണയായി ഉയിൎപ്പിന്റെ തിരുനാൾ ആചരിച്ചിരുന്നതു് യഹൂദന്മാർ അവരുടെ പെസഹാ കഴിച്ചിരുന്ന ദിവസമായിരുന്നു. എന്നാൽ പടിഞ്ഞാറ് അതു് ആചരിച്ചിരുന്നതു് ഇപ്പോഴത്തെപ്പോലെ മഹാവിഷുവത്തിന്റെ പൌൎണ്ണമാസി കഴിഞ്ഞിട്ടു വരുന്ന ഒന്നാം ഞായറാഴ്ചയായിരുന്നു. ഐകരൂപ്യത്തിനുവേണ്ടി പശ്ചിമസമ്പ്രദായത്തെ അനുസരിച്ചുകൊള്ളണമെന്നു വിശുദ്ധ വിക്തോർ കിഴക്കൻ സഭകളോടു ആജ്ഞാപിക്കയും അദ്ദേഹത്തിന്റെ ആജ്ഞകൾ സൎവ്വത്ര അനുസരിക്കപ്പെടുകയും ചെയ്തു.

ഏകദേശം മൂന്നാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ റോമയിലെ മെത്രാനായിരുന്ന ദീവന്നാസിയൂസ് എന്നദ്ദേഹം, അലെക്സാന്ത്രിയായിലെപാത്രിയൎക്കീസ് വിശ്വാസത്തിന്റെ ചില സംഗതികളിൽ തെറ്റിപ്പോയിഎന്നു കേട്ടിട്ടു്, സംശയിക്കപ്പെട്ടവനായ ആ പ്രധാനാചാൎയ്യനോടു സമാധാനം പറയുവാൻ ആവശ്യപ്പെടുകയും അദ്ദേഹം തന്റെശ്രേഷ്ഠന്റെ കല്പനക്കനുസരണമായിതന്റെശാസ്ത്രമാൎഗ്ഗാവലംബനത്തെവേഗത്തിൽ സമൎത്ഥിക്കയുംചെയ്തു.

അലക്സാന്ത്രിയായിലെ മഹാപാത്രിയൎക്കീസായ വിശുദ്ധ അത്തനാസിയൂസ്, തന്റെമേൽ കിഴക്കൻമെത്രാന്മാർ ചെയ്ത അന്യായമായ ഒരു തീൎപ്പിനെതിരായി നാലാം നൂറാണ്ടിൽ ഒന്നാം ജൂലിയൂസ് മാപ്പാപ്പാക്കു അപ്പീൽ ബോധിപ്പിക്കയും, മാപ്പാപ്പ കിഴക്കൻ ആലോചനാ സഭയുടെ തീൎപ്പിനെ തള്ളുകയും, ചെയ്തു. (സൊക്രെത്തീസിന്റെ സഭാചരിത്രം 2-ാം ലക്കം, 15-ാം അദ്ധ്യായം)

ആ ശതാബ്ദത്തിൽ തന്നെ സീസാരിയായിലെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ ബേസിൽ തന്റെ ദുഃഖങ്ങളിൽ ദമാസൂസ് മാപ്പാപ്പായുടെ രക്ഷയെ ശരണം പ്രാപിക്കയുണ്ടായി.

അഞ്ചാം ശതാബ്ദത്തിന്റെ ആരംഭത്തിൽ കോൺസ്തന്തിനോപ്പോലീസിലെ പാത്രിയൎക്കീസായിരുന്ന വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമോസ് കിഴക്കരായ ചില പ്രധാനാചാൎയ്യന്മാരും കൊൺസ്തന്തിനൊപ്പോലീസിലെ യുദോക്സ്യാ ചക്രവൎത്തിനിയും തനിക്കു വരുത്തിയ സങ്കടങ്ങളെ തീൎത്തു കൊടുക്കുവാനായി ഒന്നാം ഇന്നോസെൻറ് മാപ്പാപ്പാക്കു അപ്പീൽ ബോധിപ്പിച്ചതായിക്കാണുന്നു.

വിശുദ്ധ സിറില്ലോസ് നെസ്തോറിയൂസിനെതിരായി ചെലസ്റ്റിൻ മാപ്പാപ്പായോടു സങ്കടം പറയുകയും, നെസ്തോറിയൂസും ആ പാപ്പാക്കുതന്നെഅപ്പീൽ ബോധിപ്പിക്കയും, അദ്ദേഹം സിറില്ലോസിനനുകൂലമായിനില്ക്കയുംചെയ്തു.

ഒരു വിശിഷ്ട ചരിത്രകാരനും

സൈറൂസിലെ മെത്രാനുമായിരുന്ന തിയോഡൊറെത്ത് എന്ന ദേഹം 449-ൽ എഫെസൂസിൽ കൂടിയ വ്യാജമന്ത്രണസഭയിൽ കുററം വിധിക്കപ്പെട്ടകയും, താഴെ ചേൎക്കുന്ന പ്രകാരം ദയതോന്നിക്കുന്ന വാചകത്തിൽ അദ്ദേഹം ലേയൊ മാർപ്പാപ്പാക്കു അപ്പീൽ ബോധിപ്പിക്കയും ചെയ്തു. "ഞാൻ അവിടത്തെ ശ്ലീഹാസ്ഥാനത്ത സിംഹാസനത്തിലെ തീൎപ്പിനെ കാത്തിരിക്കുന്നു. നീതിയും ന്യായവുമുള്ള ആ ന്യായാസനത്തോടു യാചിക്കുന്ന എന്നെ സഹായിക്കേണമെന്നും അങ്ങേ അടുക്കലേക്കു വേഗം വരുന്നതിനും അപ്പോസ്തോലന്മാരുടെ കാലടികളെ അനുഗമിക്കുന്ന എൻെറ ഉപദേശത്തെ വിവരിക്കുന്നതിനും കല്പനയുണ്ടാകണമെന്നും ഞാൻ അവിടത്തോടു അപേക്ഷിക്കുന്നു. എൻെറ അപേക്ഷയെ വെറുക്കരുതെന്നു ഞാൻ പ്രാൎത്ഥിക്കുന്നു. എൻെറ നരച്ച രോമങ്ങളെ നിസ്സാരമാക്കി വിചാരിക്കരുതെ...എല്ലാവററിലും അധികമായി, എന്നെ നീതികേടായി സ്ഥാനഭ്രംശം ചെയ്തിട്ടുള്ളതിനെ ഞാൻ സമ്മതിക്കണമൊ വേണ്ടയൊ എന്നു എനിക്കുപദേശം തരുവാൻ ഞാൻ അങ്ങേയോടപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഞാൻ അവിടത്തെ തീൎപ്പിനെ കാത്തിരിക്കുന്നു. എനിക്കു വിരോധമായി നിശ്ചയിച്ചിട്ടുള്ളതിനെ സമ്മതിക്കണമെന്നു അവിടന്നു എന്നോടു കല്പിക്കുന്നുവെങ്കിൽ, ഞാൻ സമ്മതിക്കാം. മനുഷ്യരിലാരെയും ഞാൻ പിന്നെ ബുദ്ധിമുട്ടിക്കയുമില്ല. നമ്മുടെ ദൈവവും രക്ഷിതാവും ആയ ആളുടെ നീതിയുള്ള വിധിക്കായി ഞാൻ പാൎത്തിരിക്കും. എനിക്കൊ എന്നാൽ, സൎവ്വശക്തിമാനായ ദൈവം എൻെറ ന്യായാധിപതിയാകയാൽ, ബഹുമാനവും യശസ്സും ഉദ്ദേശങ്ങളല്ല; പിന്നെയൊ ഇപ്പോൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നതു് അപഖ്യാതി മാത്രമാകുന്നു. എന്തുകൊണ്ടെന്നാൽ അല്പബുദ്ധികളുടെ തരത്തിൽ ചേൎന്ന പലരും, നാനാപാഷണ്ഡമതങ്ങളിൽനിന്നു ഞാൻ ഉദ്ധരിച്ചിട്ടുള്ളവർ വിശേഷിച്ചും, ഉപദേശത്തിൻെറ യാഥാൎത്ഥ്യത്തെ തിരിച്ചറിവാൻ അശക്തന്മാരാകയാൽ, എന്നെ കുററം വിധിച്ചിട്ടുള്ള ആ സിംഹാസനത്തെ ആലോചിച്ചിട്ടു്, പക്ഷെ ഞാൻ നേരായി ഒരു പാഷണ്ഡനല്ലെ എന്നു സംശയിക്കുന്നുണ്ടു്." (113-ാം ലേഖനം)

കൊൺസ്റ്റന്തിനൊപ്പോലീസിലെ സന്ന്യാസി ശ്രേഷ്ഠനായ യോഹന്നാൻ എന്ന ദേഹം ആ നഗരിയിലെ പാത്രിയൎക്കീസിൻെറ തീൎപ്പിന്മേൽ ഒന്നാമത്തെ വിശുദ്ധ ഗ്രിഗോറിയൂസ് മാൎപ്പാപ്പായുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കയും അദ്ദേഹം പാത്രിയൎക്കീസിൻെറവിധിയെമറിച്ചുകളകയുംചെയ്തു.

857-ാം വൎഷത്തിൽ ഫോസിയൂസ് എന്ന ദേഹം ഒന്നാം നിക്കൊളാസ് മാർപ്പാപ്പക്കു ഒരു എഴുത്തയക്കയും, അതിൽ കൊൺസ്റ്റന്തിനൊപ്പോലീസിൻെറ പാത്രിയൎക്കീസ് സ്ഥാനത്തേക്കു തന്നെ തിരഞ്ഞെടുത്തതിനെ സ്ഥിരീകരിക്കണമെന്നു മാർപ്പാപ്പായോടു അപേക്ഷിക്കയും ചെയ്തു. മാർപ്പാപ്പാ തൻെറ മനസ്സാക്ഷിപ്രകാരം ഇതിനെ ഉപേക്ഷിച്ചതിനാൽ ഫോസിയൂസ് കത്തോലിക്കാ സഭയുടെ സംഗമത്തിൽനിന്നും വേർതിരിയുകയും ഗ്രീക്കു ശീസ്മയുടെ കാരണഭൂതനായിത്തീരുകയും ചെയ്തു.

സഭാചരിത്രത്തിൽ നിന്നു വിശേഷിച്ച് ഒരു ക്രമവും നോക്കാതെ എടുക്കപ്പെട്ട ഏതാനും ദൃഷ്ടാന്തങ്ങളാണു് മുകളിൽ പറഞ്ഞതു. തങ്ങളുടെ വിശുദ്ധികൊണ്ടും പഠിപ്പുകൊണ്ടും ഏററവും വിശ്രുതന്മാരും, കിഴക്കൻസഭയിൽ ഏററവും പ്രഖ്യാതരും, ഉന്നതസ്ഥാനങ്ങളെ വഹിച്ചവരും, അതിനാൽ റോമയുടെ അക്ഷങ്ങളിൽനിന്നുവളരെ ദൂരസ്ഥന്മാരും, ആയ പ്രധാനാചാൎയ്യന്മാർ സഭയുടെ ആദ്യകാലങ്ങളിൽ തങ്ങളുടെ സ്വന്തമെത്രാന്മാരേയും അവരുടെ ആലോചനാസഭകളുടേയും തീൎപ്പുകളിന്മേൽ വിശുദ്ധ സിംഹാസനത്തിൻെറ ശ്രേഷ്ഠമാദ്ധ്യസ്ഥത്തിലേക്ക് അപ്പീൽ ബോധിപ്പിച്ചതായി നാം കാണുന്നു. ഇതു് ശ്രേഷ്ഠാധികാരത്തിൻെറ അടയാളമല്ലെങ്കിൽ, ശ്രേഷ്ഠാധികാരമെന്നുള്ളതു് എന്താണെന്നു എനിക്കുമനസ്സിലാകുന്നില്ല.

## 'മകളേ! വിഷമിപ്പതെന്തു നീ.'

(ശ്രീമതി മേരി ജോൺ തോട്ടം.)

മകളേ! വിഷമിപ്പതെന്തു നീ?
അകമേകുന്നിതമെന്തിനീവിധം?
പരിപാകദശ ചേർന്നിടാത്തനിൻ
ചെറുബുദ്ധിക്കൊരു പാഠമാണിത് .1.

വിലയേറിയനിൻ സുഹൃത്തിനായ്
സ്ഥലമുള്ളിൽ കരുതേണ്ടതിന്നു നീ
ഒരുമൂലയിലെന്റെ പീഠമി-
ട്ടതു ഞാൻ കണ്ടു ചിരിച്ചനല്പമായ്. 2.

തവകൺമണിയാം സുഹൃത്തിനേ
വിരവിൽ തേടിയലഞ്ഞുഴന്നു നീ
പലദിക്കിലുമോടിയിട്ടതിൻ
ഫലമെന്തൊന്നു ലഭിച്ചു ചൊല്ലണം! 3.

അവളേയൊരു നോക്കു കാണുവാ-
നവളിൽ നിന്നൊരു വാക്കു കേൾക്കുവാൻ
അവളോടൊരുമിച്ചിരിക്കുവാ-
നനിശം നീ പണിപെട്ടിടുന്നഹാ! 4.

അവിടെസ്സദിരിന്നു പോയി നീ-
യൊരു സംഘത്തിനു മറ്റെടത്തുപോയ്.
ഇവയൊക്കെയുമെന്തു ലാക്കിലെ-
ന്നകമേയൊന്നു നിനക്കു നീ സുതേ! 5.

അവളെത്തുമിടത്തിലൊക്കെയും
ജവമങ്ങോടിയണഞ്ഞിടുന്നു നീ
അവളെപ്രതി നിന്റെ ജീവനെ
ബലി ചെയ്യാനുമൊരുക്കമാണു നീ. 6.

പ്രിയമേറിടുമാസുഹൃത്തിനേ-
യകലത്തെങ്കിലുമൊന്നു കാണുവാൻ
കഴിയാത്ത ദിനങ്ങൾ ശൂന്യമായ്
കരുതിക്കേണു കഴിച്ചിടുന്നു നീ 7.

നെടുവീർപ്പുകളെത്ര നീ പുറ-
പ്പെടുവിക്കുന്നവളേ നിനച്ചു ഹേ?
പരമശ്രുകണങ്ങളെത്രയോ
ചൊരിയുന്നുണ്ടു വിരിച്ച മെത്തയിൽ? 8.

ഇതു വല്ലതുമല്ലമാസുഹൃ-
ത്തറിയുന്നോ മകളേ! നിനക്കു നീ.
തടവറ്റു തുറന്ന ഹൃത്തിലും
തടവും സത്യമറിഞ്ഞിടാ പരൻ. 9.

തവ ജീവനിലബ്ധമെന്നു നീ-
യവളേയെണ്ണിവരുന്നു സന്തതം.
അവൾ നിന്നെയൊരുറ്റമിത്രമായ്-
ക്കരുതുന്നോ? ചെറുതുണ്ടു സംശയം. 10.

അവൾ കാലു ചവിട്ടിടുന്നൊരാ
തറയിൽ കാണുമൊരു പുല്ലു, പൂഴിയും
തവ ദൃഷ്ടിയിലെത്തിടുമ്പൊഴോ
നവരത്നങ്ങളിലും മഹത്തരം. 11.

അവൾ തൻ വസതിക്കടുത്തു നി-
ന്നണയും കാറ്റിലമർന്നിടും സുഖം
പറവാനെളുതല്ല; നീയവ-
ക്കരുളും സ്വാഗതമെത്ര ഹൃദ്യമാം! 12.

അവൾ കുന്തൽ വിടുത്തിടുമ്പൊഴാ-
തലയിൽ നിന്നു പൊഴിഞ്ഞു വീണിടും
മുടി പോലുമെടുത്തു നന്മണി-
ച്ചിമിഴിൽ ചേർത്തണിയുന്നു മാറിൽ നീ. 13.

തനിയേയവളോടടുത്തിരു-
ന്നശനം നിദ്രയിതൊന്നുമെന്നിയേ
പലതും പറയാൻ കൊതിച്ച നീ
വലയുന്നാരറിയുന്നിതൊക്കെയും? 14.

(തുടരും)

## മാർപ്പാപ്പായുടെ ദിനചര്യ.

II.

(ദിവ്യശ്രീ മറ്റത്തിൽ കുഞ്ഞൻ കത്തനാർ)

### കാപ്പി അമൃതേത്ത്.

പരിശുദ്ധപിതാവ് കൃത്യം എട്ടു മണിക്ക് കാപ്പി അമൃതേത്തു കഴിക്കുന്നു. ഈ കാപ്പിയും പാലും മാത്രമാണ്. പാലും കാപ്പിയുമല്ല. കൂട്ടത്തിൽ കുറെ മൊരിച്ച അപ്പവും കാണും.

കാപ്പി കുടിച്ചുകൊണ്ടിരിക്കുന്ന സമയത്തു തന്നെ പ്രൈവററു സെക്രട്ടറിമാരെ വിളിച്ചു തലേരാത്രി അവരെ ഏല്പിച്ചിരുന്ന ജോലികളെപ്പററി അന്വേഷണം ചെയ്യും. ഒമ്പതുമണിയ്ക്കാണ് മാർപ്പാപ്പാ ഔദ്യോഗികപ്രവൃത്തികളാരംഭിക്കുന്നതു്. ഈ സമയത്താകുന്നു സ്റ്റേററു സെക്രട്ടറിയായ കാർഡിനൽ ഗസ്പാറി ഹാജരാവുന്നതും. അദ്ദേഹം അന്നു വന്നിട്ടുള്ള കമ്പികളും സന്ദേശങ്ങളും, പ്രമാണങ്ങളും, ഉടമ്പടികളും, കത്തുകളും ഓരോന്നോരോന്നായി തരം തിരിച്ചു് മേശകളിൽ വെയ്ക്കും. പരിശുദ്ധപിതാവു് അവയോരോന്നും അതതിന്റെ പ്രാധാന്യവും ഗൗരവവും അനുസരിച്ചു പരിശോധിക്കുന്നു. തന്റെ സെക്രട്ടറിയുമായി ഓരോ വിഷയത്തെക്കുറിച്ചു ആലോചിക്കയും ആവശ്യംപോലെ മററു കാര്യദർശിമാരേയും മോൺസിഞ്ഞോരന്മാരേയും മുമ്പാകെ വരുത്തി സംഗതികൾ കേൾക്കയും ചെയ്ക പതിവാണ്.

## ഉച്ചഭക്ഷണം.

രണ്ടുമണിക്കാണ് പരിശുദ്ധപിതാവിന്റെ പ്രധാന ഭക്ഷണം. ഇതു തയാറാക്കുന്നതു പിതാവിന്റെ പൂർവ്വപരിചാരിണിയായ സിഞ്ഞോറാ ലിണ്ടായാകുന്നു. ഇവർ സിഞ്ഞോർ റാത്തിയുടെ കുടുംബത്തിൽ മുമ്പേതന്നെ പരിചാരകവൃത്തി ചെയ്തുകൊണ്ടാണിരുന്നതു്. മാസ്റ്റർ റാത്തി ഒരു ബാലനായിരുന്നപ്പോൾ തന്നെ അവരാണ് ശുശ്രൂഷിച്ചിരുന്നതു. ഇവരാകുന്നു മാർപ്പാപ്പായുടെ ഭക്ഷണത്തിന്റെ വിഭവങ്ങൾ നിശ്ചയിക്കുന്നതും. ഭക്ഷണം എപ്പോഴും വളരെ സാധാരണമുറതന്നെ. അദ്ദേഹം ലഹരിസാധനങ്ങൾ ഒന്നും ഉപയോഗിക്കുന്നില്ല. ചുരുട്ടുപോലും അവിടത്തേക്കു വേണ്ടാ. ഒരുകോപ്പ കാപ്പി മാത്രം പതിവായി കഴിക്കും.

## സവാരി.

പരിശുദ്ധ പിതാവു് എല്ലാ ദിവസവും വൈകുന്നേരം മുടങ്ങാതെ വത്തിക്കാൻ തോട്ടത്തിൽ കൂടി കാൽനടയായി സവാരി എഴുന്നെള്ളും. സാധാരണ ഒരു പട്ടക്കാരന്റെ സമ്പ്രദായത്തിലുള്ള വേഷംമാത്രമെ തൽസമയം തിരുമേനി കല്പിച്ചു ധരിക്കാറുള്ളൂ. പലപ്പോഴും തൊപ്പികൂടെയും കാണുകയില്ല. ഏതാനും ചെയിമ്പർലെയിൻമാർ മാത്രം മെയ്കാവൽക്കാരായിട്ടു് കൂട്ടത്തിൽ കാണും. ആൽപ്സ് പർവ്വതപംക്തികളേപോലും കൂസൽകൂടാതെ തരണം ചെയ്തിട്ടുള്ള തിരുമേനിയുടെ പാദദ്രുതാധിക്യംകൊണ്ടു് അംഗഭടന്മാർ വിഷമിച്ചു് കിതയ്ക്കുന്നതു തൃക്കൺപാർക്കുമ്പോൾ സുസ്മേരവദനനായി കാരുണ്യസമേതം സാവധാനം എഴുന്നെള്ളാറുണ്ടു. ഇങ്ങനെ ഒരുമണിക്കൂർനേരം എന്നും കണിശമായി സവാരി എഴുന്നെള്ളും. തദനന്തരം മുറിയിൽ പ്രവേശിച്ചു് കുറെനേരം വിശ്രമിക്കും. അതിന്റെശേഷം കാപ്പിഅമൃതേത്താണ്.

## കൂടിക്കാഴ്ചകൾ.

എന്നും കൃത്യം അഞ്ചുമണിക്കാണ് തിരുമേനിയെ മുഖം കാണിക്കുന്നതിനു് ഭൂലോകമൊട്ടുക്കുള്ള രാജാക്കന്മാർ, അമ്പാസിഡർമാർ, മെത്രാന്മാർ, സഭാശ്രേഷ്ഠന്മാർ ആദിയായവർക്കു സമയം അനുവദിക്കുന്നതു്. ആണ്ടാരംഭത്തിലേതന്നെ സന്ദർശകന്മാരോരോരുത്തർക്കും സമയം നിശ്ചയിച്ചു് പട്ടിക പരസ്യപ്പെടുത്തുകയാണ് മിക്കവാറും പതിവു്. ഈ സന്ദർശനങ്ങൾ പലപ്പോഴും ദീർഘിക്കുന്നതുകൊണ്ടു് അത്താഴാമൃതേത്തു മാത്രം ഇന്നപ്പോഴെന്നു ക്ലിപ്തമില്ല. ചിലപ്പോൾ പ്രൈവററുസെക്രട്ടറിമാരേക്കൂടി ഭക്ഷണത്തിനു ക്ഷണിക്കാറുണ്ടു്. തത്സമയം അന്നന്നത്തെ പ്രധാന കമ്പിവർത്തമാനങ്ങളെപ്പററി സെക്രട്ടറിമാരുമായി സംസാരിക്കും. അത്താഴത്തിനു മുട്ടയും, സസ്യാദികളും, പഴങ്ങളും, നെയ്യും മാത്രമേയുള്ളൂ.

## പ്രാർത്ഥനയും തപസ്സും.

കൃത്യം പത്തുമണിക്കു പിറേറദിവസത്തേയ്ക്കുള്ള കല്പനകളെല്ലാം നൽകിയശേഷം സ്വന്തമുറിയിൽ എഴുന്നെള്ളി, അന്നു ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളേയും പററി പര്യാലോചിക്കു

യും തിരുമാനത്തിനു മാററിവെച്ചിട്ടുള്ള വിഷയങ്ങളുടെ സ്ഥിതിഗതികളെപ്പററി ചിന്തിക്കയും ചെയ്യുന്നു. അനന്തരം പാതിരാത്രിവരെ പ്രാർത്ഥനയിലും മററുമായി കഴിച്ചുകൂട്ടുന്നു. തിരുമേനിയുടെ പ്രജകൾ-അങ്ങേ വാത്സല്യമക്കൾ--ലോകമൊട്ടുക്ക് സുഷുപ്തിയിൽ ലയിച്ചിരിക്കയാണ്. അപ്പോൾ വത്തിക്കാൻ അരമനയിൽ, പാപ്പായുടെ പള്ളിയറയിലെ ജനലിൽകൂടിമാത്രം വെളിച്ചം പ്രകാശിക്കയും ലോകൈകചക്രവർത്തി-ത്രിമകുടചൂഡാമണിയായ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു മാത്രം, ഉറക്കമിളച്ചിരുന്നു പ്രാർത്ഥിക്കയും-ചെയ്യുന്നു! തിരുമേനി നമുക്കുവേണ്ടിയാണു പ്രാർത്ഥിക്കുന്നതു്. മ്ശിഹാ പ്രാർത്ഥിച്ചപ്പോൾ സ്വശിഷ്യഗണം നിദ്രാധീനമായിരുന്നു. മ്ശിഹായുടെ വികാരി ധ്യാനനിരതനായിരിക്കുമ്പോൾ നരാവലി നിദ്രാലുവായി കാണപ്പെടുന്നു! മാർപ്പാപ്പാ മർത്ത്യഗണത്തിനുവേണ്ടി രാത്രിയിലും പ്രാർത്ഥിക്കുമ്പോൾ മർത്ത്യഗണം മാർപ്പാപ്പായ്ക്കുവേണ്ടി ദിവാവസരത്തിലെങ്കിലും പ്രാർത്ഥിക്കേണ്ടതല്ലയോ?

## ദൈവികമായ കത്തോലിക്കാസഭ.

(റവ. ഫാദർ മാത്യു വരിക്കയിൽ പി. എച്ച് ഡി. ഡി. ഡി. ബി. സി. എൽ.)

കത്തോലിക്കാസഭ ദൈവത്താൽ സ്ഥാപിതമായ ഒരു വിശുദ്ധ സമിതിയാകുന്നു. പരലോകഭാഗ്യത്തിന്നു മനുഷ്യരെ ഒരുക്കുന്നതിനായിട്ടാണ് ദൈവം ഈ സഭയെ സ്ഥാപിച്ചിരിക്കുന്നതു്. ഈ സഭയിൽ പ്രവേശിക്കുന്നതിന്നു ദൈവം തന്നേ എല്ലാമനുഷ്യരോടും ആവശ്യപ്പെടുകയും ചെയ്യുന്നു. ഇപ്രകാരമെങ്കിൽ ഈ സഭയിൽ പ്രവേശിക്കുന്നതിന്നും, നിത്യഭാഗ്യപ്രാപ്തിക്കായി ഈ സഭയെ ദൈവം ഭരമേല്പിച്ചിരിക്കുന്ന മാർഗ്ഗങ്ങളെ ഉപയോഗിക്കുന്നതിന്നും ഓരോ മനുഷ്യനും ഒഴിച്ചുകൂടാത്ത കടമയുണ്ടു്. സംഗതികളുടെ വാസ്തവം ഇങ്ങിനെ ഇരിക്കെ നമ്മുടെ അകത്തോലിക്കസഹോദരങ്ങൾ ഏതുവിധം അന്ധതയിൽതന്നേ അവരുടെ ജീവിതം കഴിച്ചുകൂട്ടുമെന്നു മനസ്സിലാക്കാൻ പ്രയാസം തോന്നുന്നു. ഒരാൾ ഒരു മതത്തിൽ ജനിച്ചതുകൊണ്ടു അതിൽതന്നെ ജീവിക്കണമെന്നും മരിക്കണമെന്നും ഒരു ന്യായവും കാണുന്നില്ല. സത്യത്തെ അന്വേഷിക്കുന്നതിലും സത്യത്തെ കണ്ടെത്തുന്നതിലും അതിന്നനുയോജ്യമായി തങ്ങളുടെ ജീവിതത്തെ നയിക്കുന്നതിലുമാണ് സാക്ഷാൽ യോഗ്യതയും, മാഹാത്മ്യവും സ്ഥിതിചെയ്യുന്നതു്. അകത്തോലിക്കനായ ഒരുവൻ കത്തോലിക്കസഭയിലേക്കു പ്രവേശിക്കുന്നുവെങ്കിൽ അതുനിമിത്തം കത്തോലിക്കാസഭക്കു ഒരു വിജയമോ കത്തോലിക്കാസഭയുടെ ആ പുതിയ സന്താനത്തിന്നു ഒരു പരാജയമൊ അല്ലാ ഉണ്ടാകുന്നതു്. എന്നാൽ നേരേമറിച്ചു സത്യസഭയിലേക്കു പിന്തിരിയുന്ന ആളിന്നുള്ള വലുതായൊരു വിജയം, എന്നല്ലാ ലോകത്തിൽ ലഭിപ്പാൻ പാടുള്ളതിൽ ഏററവുംവലിയ ഒരു വിജയമായി അതിനെ പരിഗണിക്കേണ്ടിയിരിക്കുന്നു എന്തുകൊണ്ടെന്നാൽ അന്ധതയേയും, മൂഢതയേയും, തെററിദ്ധാരണയും, തോല്പിച്ചു-പരാജയപ്പെടുത്തി- ഇതുകളുടെമേൽ വിജയം നേടികൊണ്ടാണ് ഈ പുതിയ കത്തോലിക്കാസന്താനം പോരാട്ടത്തിൽ നേരിട്ട ക്ഷീണത്തെ തീർക്കുന്നതിനായി തന്റെ സ്നേഹമാതാവിന്റെ മടിയിൽ അഭയംതേടി ആശ്വസിക്കുന്നതു്.

ഇപ്രകാരമുള്ള കത്തോലിക്കസഭയെ യൂറോപ്പിൽനിന്നും ഇറക്കുമതി

ചെയ്യുതാണെന്നും, റ്റണന്മാരുടെ സ്വകാര്യസ്വത്താണെന്നും കരുതി വിദേശമായ സകലക്കൂട്ടങ്ങളേയും വെറുക്കുന്നതിനോടുകൂടി ഈ പരിശുദ്ധ സഭയേയും വെറുക്കുന്നവരും നമ്മുടെ ഭാരതീയസഹോദരരുടെ കൂട്ടത്തിൽ ഇല്ലായ്കയില്ല. എന്നാൽ ഇതു എത്ര തെററായ ഒരു ധാരണയാണെന്നു സ്വയം വിശദമാകുന്നു. ദൈവമായ ക്രിസ്തു ഈ സഭയേ സ്ഥാപിച്ചതു ലോകത്തിൽ എല്ലാവക്കും വേണ്ടിയാണു്. ഒരു പക്ഷേ സത്യത്തെ പാശ്ചാത്യർ കൂടുതൽ സ്നേഹിക്കുന്നതുകൊണ്ടോ ഇതുകളേ എളുപ്പത്തിൽ സ്വീകരിക്കുന്നതിന്നു ഇവക്കുള്ള സന്നദ്ധതകൊണ്ടോ മററൊ യൂറോപ്പിൽ ഇതിനു കൂടുതൽ പ്രചാരം സിദ്ധിച്ചു എന്നു മാത്രമേയുള്ളു. കൂടാതെയും ചരിത്രപ്രാധാന്യമുള്ള പല മതങ്ങളുടേയും ശാസ്ത്രങ്ങളുടേയും ഉത്ഭവം ഏഷ്യയിൽ ആയിരിക്കുന്നതുപോലെ തന്നേ ക്രീസ്തു ജനിച്ചതും വളന്നതും ഏഷ്യയിലായിരുന്നു. തൻെറ ആദ്യ പന്ത്രണ്ടു ശിഷ്യന്മാർ ഏഷ്യാക്കാർ തന്നേ, താൻ ക്രീസ്തുമതത്തേ സ്ഥാപിച്ചതും ഏഷ്യയിലത്രെ. ഈ ക്രീസ്തുമതം ആദ്യം പ്രചാരത്തിൽ ഇരുന്നതും ഏഷ്യയിൽ തന്നേയാകുന്നു. ഇതിനാൽ പൌരസ്ത്യമായ ഈ മതം സാക്ഷാൽ സത്യമതമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ പാശ്ചാത്യരും അതിനെ സ്വീകരിച്ചു എന്നു മാത്രമേയുള്ളു. സകലരേയും പഠിപ്പിക്കുന്നതിനു ദൈവം നമ്മേ ഭരമേൽപ്പിച്ച കൂട്ടങ്ങൾ അന്യർ പഠിച്ചതുകൊണ്ടും, സ്വീകരിച്ചതുകൊണ്ടും അതു അവരുടെ സ്വകാര്യസ്വത്തായി തീരുവാൻ പാടില്ല. ഇതെല്ലാം വാസ്തവമെങ്കിൽ കത്തോലിക്കാമതം വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത ഒരു മതമാണെന്നു വാദിക്കുന്നതു എത്ര അബദ്ധമാണെന്നു പ്രത്യക്ഷപ്പെട്ടു. എന്നാൽ ഈ വിദേശകുററാരോപണം അകത്തോലിക്കക്രൈസ്തവവകുപ്പുകാരായ ലൂഥറൻ സഭയേക്കുറിച്ചോ, കാൾവിൻസഭയേക്കുറിച്ചോ, ആംഗ്ലിക്കൻ സഭയേക്കുറിച്ചോ മററൊ പറഞ്ഞാൽ വാസ്തവമുണ്ടെന്നല്ലാതെ കത്തോലിക്കാസഭ യൂറോപ്യന്മാരുടേതെന്നു വല്ലവരും ശഠിക്കുന്നു എങ്കിൽ തങ്ങളുടെ അന്ധതയേ അവർ തന്നേ വിളിച്ചറിക്കയായിരിക്കും ചെയ്യുന്നതു്.

## "മൂന്നു് നന്മനിറഞ്ഞമറിയം."

(റവ. കെ. വടക്കഞ്ചേരി.)

രക്ഷാമാർഗ്ഗങ്ങളിൽ ശക്തിമത്തായ ഒന്നു് പരിശുദ്ധ കന്യകയോടുള്ള ഭക്തിയാകുന്നുവെന്നു് സഭാപിതാക്കന്മാരും വേദപാരംഗതന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ ഭക്തിയെ വിശ്വാസത്തോടും സ്ഥിരതയോടും അനുസരിക്കുന്നവൎക്ക് പരിശുദ്ധമായ ജീവിതം കഴിക്കുന്നതിനു് നിരവധി അനുഗ്രഹങ്ങൾ ലഭിക്കും; അവർ ഒരിക്കലും നിത്യമായി നശിക്കയില്ല. പരിശുദ്ധകന്യകയോടുള്ള വിപുലമായ ഭക്തികൃത്യങ്ങളിൽ മഹത്തായ ഒന്നത്രെ വി. അമലോത്ഭവത്തെക്കുറിച്ചു് പ്രതിദിനം കാലത്തും വൈകുന്നേരവും മൂന്നു നന്മനിറഞ്ഞമറിയം എത്തിക്കുന്നതു്. പരിശുദ്ധ വൃത്തിയിൽ സ്ഥിരമായി നില്ക്കുന്നതിനും, നൽമരണം ലഭിക്കുന്നതിനും ഒരുത്തമമാർഗ്ഗമാണിതെന്നു് പരിശുദ്ധ കന്യകതന്നെ വി. മെക്തിൽദാപുണ്യവതിക്കു വെളിപ്പെടുത്തീട്ടുണ്ടു്.

ഇതാദ്യമായി ആചരിച്ചുവന്നവരിൽ ഒരാൾ വി. അന്തോനീസ് ദെപാദുവ ആയിരുന്നു. ലോകത്തിൻെറ നാ

നാമുഖങ്ങളായ വിപത്തുകളിൽനിന്നും ആത്മശരീരശുദ്ധതയെ സംരക്ഷിക്കുന്നതിനായി ഇദ്ദേഹം മാതാവിന്റെ അമലോത്ഭവത്തെ ഇപ്രകാരം വണങ്ങിവന്നു. ഇതിനെ പലരും അനുകരിച്ചു. വി. ലെയൊനാർഡ് ദെപോർട്ടുമോറീസ്സ് കാലത്തും വൈകുന്നേരവും മൂന്നു നന്മനിറഞ്ഞമറിയം ജപിച്ചുവന്നു. വി. അൽഫോൻസ് ലിഗോരി ഇതിനെ അംഗീകരിച്ചു് സാധ്യമാംവണ്ണം പ്രചരിപ്പിച്ചു; ഇതിനെ പലൎക്കും ഉപദേശിക്കയും, കുമ്പസാരത്തിൽ പ്രായശ്ചിത്തമായി കല്പിക്കയും, ബാലരെ പരിചയിപ്പിക്കുന്നതിനായി മാതാപിതാക്കന്മാരോടും മററധികൃതന്മാരോടും ശക്തിമത്തായി ഈ സൽകൃത്യാഭ്യാസത്തെ ശുപാൎശിചെയ്കയും ചെയ്തുവന്നിരുന്നു. ഇതനുഷ്ഠിച്ചുവന്ന സകലൎക്കും ഇതിന്റെ മാഹാത്മ്യവും ഫലവും അനുഭവമായിട്ടുണ്ടു്. "ശുദ്ധത"യെ കാക്കുന്നതിനും, പരിശുദ്ധമായി ജീവിക്കുന്നതിനും, ദൈവഹിതത്തെ നിവൎത്തിക്കുന്നതിനും മതപരിവൎത്തനം സാധിക്കുന്നതിനും ഇതുവഴി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ നിരവധിയാകുന്നു.

പരിശുദ്ധകന്യകക്കു മഹത്തായ ആനന്ദം അനുഭവപ്പെട്ടിട്ടുള്ള അവസരങ്ങളിൽ ഒന്നു്, നിസ്സംശയമായി ദൈവം മാലാഖാവഴി മനുഷ്യാവതാരദൌത്യം അറിയിച്ചപ്പോഴത്തേതായിരുന്നു. നാം "നന്മനിറഞ്ഞമറിയം" ചെല്ലുമ്പോഴൊക്കയും ഈ ശുഭാവസരത്തെ അനുസ്മരിപ്പിക്കയും ദൌത്യത്തെ പുനരുദ്ധരിക്കയുമത്രെ ചെയ്യുന്നതു്. മാതാവു് അപ്പോഴൊക്കയും മുമ്പേപോലെ ആനന്ദപരവശയായിത്തീരുന്നു. ഈ ജപാനുഷ്ഠാനത്തിൽ പിശാചുക്കൾ ഭയപ്പെട്ടോടുകയും സ്വൎഗ്ഗം ആനന്ദത്താൽ നൃത്തംചെയ്കയും, സ്വൎഗ്ഗത്തിൽനിന്നും അനുഗ്രഹങ്ങൾ പൊഴികയും ചെയ്യുന്നു. തനിക്കിത്ര ആനന്ദപ്രദമായ മററു യാതൊരു ഭക്തികൃത്യവുമില്ലെന്നു് പരിശുദ്ധകന്യക വി. മെക്തിൽദായിക്കു വെളിപ്പെടുത്തീട്ടുണ്ടു്. ഇതിൽനിന്നും മൂന്നു നന്മനിറഞ്ഞമറിയത്തിന്റെ മാഹാത്മ്യം വിശദമാണല്ലോ.

"മൂന്നു നന്മനിറഞ്ഞമറിയം" സ്വൎഗ്ഗപ്രാപ്തിക്കുള്ള നേരായമാൎഗ്ഗമാകുന്നു. പരിശുദ്ധ കന്യക ഒരു ഗോവണിക്കുമുകളിൽ നില്ക്കുന്നതായും ആ ഗോവണിവഴി കയറിവരുന്നവരെ ഈ അമ്മതന്നെ കൈകളാൽ താങ്ങി സ്വൎഗ്ഗത്തിലേക്കടുപ്പിക്കുന്നതായും ഒരു ഫ്രൻസിസ്കൻ സന്യാസിക്കു ഒരു ദൎശനമുണ്ടായി. തന്റെ ഭക്തന്മാർ കയറിയിരുന്ന കപ്പലിനെ സമുദ്രമധ്യത്തിൽക്കൂടി ആപത്തുകൂടാതെ പരിശുദ്ധ കന്യക നയിച്ചു് സ്വൎഗ്ഗത്തെ പ്രാപിപ്പിക്കുന്നതു് വി. മഗ്ദലേനദെപാസ്സി കണ്ടു. "ഈ കപ്പലിൽ കയറാത്തവർ ഈ ലോകസമുദ്രത്തിൽ ആണ്ടു് നശിച്ചുപോകും. മൂന്നു നന്മനിറഞ്ഞമറിയത്തിന്റെ ഭക്തിയിൽ സ്ഥിരമായി നില്ക്കുന്നവർ എല്ലാവരും ഈ കപ്പലിൽ കയറുകയും സ്വൎഗ്ഗത്തിൽ അടുക്കുകയുംചെയ്യും" എന്നു് വി. ലോറൻസ് പ്രസ്താവിക്കുന്നു.

ആധുനികലോകം പരീക്ഷകളാലും മററു കാപട്യങ്ങളാലും സകലരേയും അലട്ടുന്നു. ഇതിൽപെട്ടു് നശിക്കുന്നവരുടെ സംഖ്യ സീമാതീതമാകുന്നു. എത്രയോ വളരെ മൊട്ടുകളും മനോജ്ഞകുസുമങ്ങളും പ്രതിദിനം അലങ്കോലപ്പെടുന്നു. പരിശുദ്ധതയെ പുലൎത്തി സന്മാൎഗ്ഗത്തിൽ ചരിക്കുന്നതിനാഗ്രഹിക്കുന്ന സകലരും ഈ ഭക്തിയെ സ്വയം അനുഷ്ഠിക്കയും മറുള്ളവൎക്കു് ഉപദേശിക്കയും ചെയ്യട്ടെ. മായാവിമോഹങ്ങൾക്കും മററു പ്രലോഭനങ്ങൾക്കും അടിമപ്പെട്ടു നശിച്ചുപോകാതിരിപ്പാൻ "അമ്മ"തന്നെ ഉപദേശിച്ചുതന്നിട്ടുള്ള മാൎഗ്ഗമാകുന്നു ഇതു്.

"മറിയത്തെ തങ്ങളിൽനിന്നകററിനിൎത്തുന്നതിനാൽ അനേകായിരം ആത്മാക്കൾ അധഃപതിച്ചു നശിച്ചുപോകുന്നു" എന്നു് ഫാദർ ഫേബർ എഴുതിയിരിക്കുന്നു. തന്റെ ഏതെങ്കിലുമൊരു ഭക്തകൃത്യത്തെ അനുഷ്ഠിച്ചുവന്ന അസംഖ്യം ആളുകളെ നരകഗൎത്തത്തിൽനിന്നു രക്ഷിച്ചിട്ടുണ്ടെന്നു് മറിയവൻ അഗ്രെഡായേയും, തന്റെ ഭക്തിയെ പ്രചരിപ്പിക്കുന്നവരുടെ പേരുകൾ അമലോത്ഭവഹൃദയത്തിൽ എഴുത

പ്പെട്ടമെന്ന് മറിയവിക്ടോറിയ അ ഞ്ചെലിക്കായേയും മാതാവുതന്നെ അറി ച്ചിട്ടുണ്ട്. മററുള്ളവരുടെ പേരുകളോട്ട കൂടെ ആഞ്ചെലിക്ക തൻെറ പേരും അ ഹൃദയത്തിൽ വായിക്കയുണ്ടായി. മൂന്ന നന്മനിറഞ്ഞമറിയത്തോട്ടകൂടി "മറി യമെ, നിൻെറ അമലോത്ഭവത്തെക്കു റിച്ച് എൻെറ ശരീരത്തെ ശുദ്ധീകരി കയും ആത്മാവിനെ പരിശുദ്ധമാക്കു ത്തുകയും ചെയ്യേണമെ" എന്ന് ചൊ ല്ലുന്നവർക്ക പത്താംപീയൂസ്മാർപ്പാപ്പ മൂ ന്നൂറുദിവസത്തെ ദണ്ഡവിമോചനംക ല്പിച്ചനുവദിച്ചിട്ടുണ്ട്.

## അകത്തോലിക്കരുടെ ചില സംശയങ്ങൾ.

(റവ. ഫാദർ വിൻസൻറു സി. ഡി.)

"ക്രിസ്തുവിൻെറ പരിശുദ്ധവും കാതോലിക്കവും ആയ മഹാസഭ ഒന്നു തന്നെ. പക്ഷെ, വിവിധ ക്രൈസ്തവ വിഭാഗങ്ങളെ, അന്യോന്യം സഹോദ രസഭകളായിട്ടും മഹാസഭയുടെ പല അംശങ്ങളായിട്ടും പരിഗണിക്കുന്നതി ലെന്താണ് വൈഷമ്യം?" എന്നു ചോ ദിക്കുന്ന അകത്തോലിക്കരുണ്ട്.

അങ്ങനെ പരിഗണിക്കാൻ വേ ണ്ട സഹോദരബുദ്ധി കത്തോലിക്ക ർക്കില്ലെന്നു സമ്മതിക്കാതെ ഗത്യന്തര മില്ല. എങ്കിലും ക്രൈസ്തവസഭാസ്ഥാ പകനായ മിശിഹായ്ക്കും അത്ര മഹാമ നസ്കതയുണ്ടായിരുന്നില്ലെന്നു അവർക്ക ഭിമാനിക്കാം. മതോപദേശങ്ങളിൽ കടന്ന് യഥേഷ്ടം കൊള്ളയിട്ട നാനാ വിധംചെയ്യുവാൻ ക്രിസ്തു ആരേയും അ നുവദിച്ചിട്ടില്ല. തൻെറ തത്വങ്ങൾ ക്ക ലവലേശം വികല്പം സംഭവിക്കരു തെന്നായിരുന്നു അവിടത്തെ നിർബ്ബ ന്ധം. ആ സ്ഥിതിക്ക്, വിശ്വാസവൈ പരീത്യങ്ങളെ പ്രബോധനം ചെയ്യു ന്ന വിവിധ ക്രിസ്തീയ വകുപ്പുകളെ മ് ശിഹായുടെ മഹാസഭയുടെ അംശങ്ങ ളായി കരുതുന്നതെങ്ങനെ? അവക സഭകളെ സൃഷ്ടിക്കാൻ എവിടെനി ന്നു സമ്മതിയും അധികാരവും സിദ്ധി ച്ചു? അപ്പസ്തോലന്മാരിൽ നിന്നായിരി ക്കുമോ? വ്യത്യസ്തങ്ങളായ തത്വങ്ങളെ ക്രോഡീകരിച്ച ക്രിസ്തുവിൻെറ ശ്ലീഹ ന്മാർ പല സഭകളെ രൂപവല്ക്കരി ച്ചെന്നോ, അങ്ങനെ ചെയ്യുവാൻ അ വർക്കെങ്കിലും അധികാരം കൊടുത്തെ ന്നോ വിശ്വസിക്കുവാൻ കത്തോലിക്ക രാരും തയാറില്ല. വല്ല അകത്തോലി ക്കനും അങ്ങനെ വിശ്വസിക്കുന്നതായി ഞങ്ങൾ കരുതുന്നുമില്ല. മതഭിന്നതക ളോട്ട അപ്പസ്തോലന്മാർ അനുവത്തിച്ച നയം വേദപുസ്തകം വായിച്ചിട്ടുള്ളവ ർക്കൊക്കെ അറിയാവുന്നതാണ്. തത്സം ബന്ധമായി വി. പൌലോസിൻെറ വാക്കുകൾ എത്ര സ്പഷ്ടമാണെന്നു നോ ക്കുക.

"മ്ശിഹായുടെ അനുഗ്രഹത്തി ലേക്ക് നിങ്ങളെ വിളിച്ചവനിൽനി ന്ന് മററൊരു സുവിശേഷത്തിലേക്ക് നിങ്ങൾ ഇത്രവേഗം ഇങ്ങനെ വ്യതി ചലിക്കുന്നതുകൊണ്ട് ഞാൻ ആശ്ചര്യ പ്പെടുന്നു. അതു്, നിങ്ങളെ കലക്കുക യും മ്ശിഹായുടെ സുവിശേഷത്തെ മറിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യു ന്ന ചിലർ ഉള്ളതുകൊണ്ടല്ലാതെ മ ററൊന്നിനാലും അല്ല. എന്നാൽ, ഞ ങ്ങളാകട്ടെ, സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖാതാവട്ടെ, നിങ്ങൾക്കു ഞങ്ങൾ അറിയിച്ച സുവിശേഷം വിട്ട് (വേ റെ) സുവിശേഷമറിയിച്ചാൽ അവൻ ശപിക്കപ്പെടട്ടെ. ഞങ്ങൾ മുമ്പ് ഉപ ദേശിച്ചിട്ടുള്ളപ്രകാരം ഇപ്പോൾ ഞാ ൻ വീണ്ടും പറയുന്നു. നിങ്ങൾ സ്വീ

കരിച്ചതു വിട്ട് നിങ്ങളോടു ആരെങ്കിലും സുവിശേഷമറിയിച്ചാൽ അവൻ ശപിക്കപ്പെടട്ടെ" ഗാലത്താ, 1. 6. 7. 8. 9. ആകയാൽ സഹോദര സഭാവാദത്തിന് അപ്പസ്തോലന്മാരുടെ ആനുകൂല്യമല്ല, ശാപമാണ് പ്രതീക്ഷിക്കേണ്ടതെന്നു സിദ്ധം.

ഇനി, മ്ശിഹായുടേയും അപ്പസ്തോലന്മാരുടേയും ഉപദേശങ്ങൾക്കു നേരെ വിരുദ്ധമായ ഒരു തത്വത്തെ പൂർവ്വസഭ ആദരിച്ചിരുന്നു എന്നു സംശയിക്കാനും നിവൃത്തിയില്ല. നവീനോപദേശങ്ങളും കൊണ്ട് രംഗപ്രവേശം ചെയ്തിരുന്നവരെയെല്ലാം ശപിച്ച് നിർദാക്ഷിണ്യം സഭയിൽനിന്നു ബഹിഷ്കരിക്കയായിരുന്നു ആദികാലംമുതല്ക്കേ അതവലംബിച്ചിരുന്ന സമ്പ്രദായം. പ്രാദേശികയോഗങ്ങളും സാർവ്വത്രിക സൂനഹദോസുകളും കൂടിയിരുന്നതിന്റെ പ്രധാന ഉദ്ദേശവും പാഷണ്ഡതത്വങ്ങളേയും തൽകർത്താക്കളേയും ശപിച്ചു മതസിദ്ധാന്തങ്ങളെ നിഷ്കന്മഷമായി കാക്കുക എന്നതായിരുന്നു. ഇങ്ങനെ, വിശ്വാസത്തിൽ നിന്ന് വ്യതിക്രമിച്ചതുകൊണ്ട് ശാപമേറ്റ് സഭയിൽ നിന്നു ആദ്യകാലങ്ങളിൽ തള്ളപ്പെട്ടവരാണ്, ആരിയൂസ്, നെസ്തോറിയൂസ്, എവുത്തിക്കോസ്, ദിയൊസ്കോറോസ്, യാക്കോബ് ബുർദാനാ മുതലായ പതിതപ്രമാണികൾ. ഇവരെല്ലാം അനുയായികളെ ചേർത്തു പുതിയ സഭകൾ ഏർപ്പെടുത്തുകയുണ്ടായി. "സഭയെ കേൾക്കാത്തവൻ അജ്ഞാനിയെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ" എന്ന മ്ശിഹായുടെ നിർദ്ദേശമനുസരിച്ചു ശപിക്കപ്പെട്ട ആ സഭകൾക്കൊന്നിനും മ്ശിഹായുടെ സഭയോടു എന്തെങ്കിലും ബന്ധമുള്ളതായി ആരും കരുതിപ്പോന്നില്ല. ആകയാൽ മ്ശിഹായുടെ സഭ ഒന്നുതന്നെ.

ഒരു സംഗതികൂടെ ആലോചിക്കാം. ബലാല്ക്കാരേണ വിവിധസഭകളെ പിടിച്ചു ഒന്നിച്ചുകൂട്ടി ക്രൈസ്തവമഹാസഭയെ സങ്കല്പിക്കാമെന്നു തന്നെ കരുതുക. അപ്പോൾ അതിന്റെ മതോപദേശങ്ങൾ ഏതായിരിക്കും?

1. മ്ശിഹാ ദൈവമാകുന്നു—മ്ശിഹാ ദൈവമല്ല.

2. കുർബാനയിൽ മ്ശിഹായുടെ സാക്ഷാൽ സാന്നിദ്ധ്യമുണ്ട്—സാക്ഷാൽ സാന്നിധ്യമില്ല.

3. മ്ശിഹാ ഏഴു കൂദാശകൾ സ്ഥാപിച്ചിട്ടുണ്ട്—ഇല്ല, രണ്ടേ സ്ഥാപിച്ചിട്ടുള്ളു.

4. റോമായിലെ പാപ്പാക്കു അപ്രമാദിത്വവരം ഉണ്ട്—അദ്ദേഹത്തിന് ആ വരമില്ല.

5. വി. മറിയം കന്യകയും ദൈവമാതാവുമാണ്—മറിയം കന്യകയല്ല, ദൈവമാതാവുമല്ല. ഇത്യാദി ഏതാണ്ട് ശങ്ങളായ അനേകസഹസ്രം വൈപരീത്യങ്ങളുടെ വലിയൊരു സങ്കീർണ്ണമാണ് ക്രിസ്തുവിന്റെ മഹാസഭ എങ്കിൽ അതിന്റെ സ്വരൂപം എത്ര ബീഭത്സവും വിലക്ഷണവും ആയിരിക്കുമെന്നു ഊഹിക്കപോലും വയ്യാ. ആകയാൽ മ്ശിഹായുടെ സഭ ഒന്നു മാത്രം. അതിനു സഹോദരങ്ങൾ ഇല്ല. ഉണ്ടാവാൻ നിവൃത്തിയുമില്ല.

സകല മനുഷ്യരുടേയും രക്ഷാർത്ഥമായി മ്ശിഹാ ഒരു സഭയെ സ്ഥാപിച്ചിട്ടുള്ളുവെങ്കിൽ, ആ ഏക സത്യസഭ ഏതാണെന്നറിയേണ്ടതു ഓരോരുത്തരുടേയും സർവ്വപ്രധാനമായ ചുമതലയാണല്ലൊ. സത്യസഭ ഏകവും അപ്പസ്തോലികവും വിശുദ്ധവും സാർവ്വത്രികവും ആണെന്നുള്ള സർവ്വസമ്മതമായ ലക്ഷണോക്തികൊണ്ട് ഭിന്നവകുപ്പുകളിൽനിന്നു അതിനെ തിരിച്ചെടുക്കാവുന്നതാണ്. കത്തോലിക്കാസഭ അതിന്റെ ഐക്യഹികോല്പത്തി, സാർവത്രികവ്യാപ്തി, പരിശുദ്ധന്മാരെ ഉല്പാദിക്കുവാനുള്ള അതിന്റെ ശക്തി, വിശ്വാസതത്വങ്ങളിലുള്ള പരിണാമരാഹിത്യം, ഭയങ്കരമായ അനവധി മതപീഡനങ്ങൾക്കു അധീനപ്പെട്ടിട്ടും ദൈനംദിനം വർദ്ധമാനമായ പ്രതാപത്തോടുകൂടെയുള്ള അതിന്റെ നില എന്ന സംഗതികളെ ലോകസമക്ഷം പ്രഖ്യാപനം ചെയ്യുമ്പോൾ, അതു ആത്മപ്രശംസയാണെന്നും അഹംകാരമാണെന്നും ആണ് പ്രായേണ അകത്തോലിക്കർ കരു

തിപ്പോരുന്നതു്. മിശിഹായുടെ സത്യസഭക്കുവേണ്ട ലക്ഷണങ്ങൾ കത്തോലിക്കാസഭക്കുണ്ടെന്നും അതിനുമാത്രമേ ഉള്ളൂ എന്നും അറിയിക്കണമെന്നേ അതാനുദ്ദേശമുള്ളൂ. ആത്മരക്ഷാമാർഗ്ഗമായ ഏകസത്യസഭയെ എല്ലാവരും അറിവാനും അവലംബിക്കുവാനും അതിഗൌരവമായ കടമയുള്ളപ്പോൾ അതിനെ കാണിച്ചുകൊടുക്കുന്നതു അഹങ്കാരപ്രമത്തതയല്ലല്ലോ. പ്രത്യുത അതല്ലേ സാക്ഷാൽ മാഹാത്മ്യം? അതല്ലേ യഥാർത്ഥസഹോദരസ്നേഹം? എന്നു അകത്തോലിക്കർ പ്രശാന്തമനസ്സോടുകൂടി ആലോചിക്കട്ടെ.

## "എൻെറ അമ്മേ, എൻെറ ആശ്രയമേ!"

(ഒരു വാസ്തവസംഭവത്തിൽനിന്നും.)

(റവ. ജോസഫ് കൊച്ചുപുര.)

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് സ്പെയിനിലുള്ള ഒരു കുഗ്രാമത്തിൽ ദൈവജനനിയോടുള്ള ഭക്തിയിൽ അദ്വിതീയയായ ഒരു വിധവ ജീവിച്ചിരുന്നു. ഈ സ്ത്രീയുടെ ഭർത്താവു് കാലഗതി പ്രാപിച്ചശേഷം ഗൃഹഭരണം അവൾ തന്നെ അന്വേഷിക്കേണ്ടതായിട്ടാണു് വന്നുകൂടിയതു്. എന്നാൽ ഭർത്താവിൻെറ ധൂർത്തനടപടിയാൽ പിടിപ്പതു കടവും ശേഷിച്ചിട്ടുണ്ടായിരുന്നു. പക്ഷെ നമ്മുടെ ഭക്തയായ വിധവ കടം വീട്ടുന്ന കാര്യത്തിൽ തെല്ലും ശ്രദ്ധപതിച്ചിരുന്നില്ല. തന്മൂലം കടംകേറി അവളുടെ പേരിലുണ്ടായിരുന്ന വസ്തുവകകൾ കൂടി ജപ്തിചെയ്യത്തക്ക പതനത്തിലായി. ഇങ്ങനെ ഈ വിധവസ്ത്രീയുടെ ഗൃഹകാര്യം കുഴപ്പത്തിലും അവളുടെ സ്ഥിതി പരുങ്ങലിലുമായി കഴിഞ്ഞു.

ധൈര്യവതിയായ ഈ ഭക്തയ്ക്കു് ഈ വിഷമാവസ്ഥകളൊന്നും യാതൊരു ചാഞ്ചല്യത്തേയുമുളവാക്കിയില്ല. അവൾക്കു ദൈവമാതാവിനോടുണ്ടായിരുന്ന ഭക്തിവണക്കങ്ങൾ അനുദിനമെന്നപോലെ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഇവളുടെ കിടക്കമുറിയിൽ ഉണ്ടായിരുന്ന ദൈവമാതാവിൻെറ ഒരു രൂപം മാത്രമായിരുന്നു അവളുടെ നിക്ഷേപവും സ്നേഹചിന്താവിഷയവും. അതിൻെറ കാര്യം മാത്രമേ അവളുടെ ബോധത്തിൽ ഒന്നാമതായി വന്നിരുന്നുള്ളൂ. സകലസമ്പത്തും അതിനോടുപമിക്കുമ്പോൾ അവൾക്കു നിസ്സാരമായിരുന്നു. ആ രൂപത്തിൻെറ മുമ്പാകെ മുട്ടുകുത്തി "എൻെറ അമ്മേ, എൻെറ ആശ്രയമേ!" എന്നു് പലവുരു അവൾ ദീർഘശ്വാസം വിട്ടുവരികയും ചെയ്തുവന്നു.

ഇങ്ങനെ സ്വന്തം കാര്യം അന്വേഷിക്കാതെ ദൈവജനനിയിൽ മാത്രം ശരണപ്പെട്ടുകൊണ്ടിരുന്നതിനെപ്പറ്റി പലരും അവളെ അപഹസിച്ചിരുന്നു. കടശി കടക്കാർ ക്ഷമയറ്റു്, അവളുടെ പേരിൽ നമ്പരുപതിച്ചുതുടങ്ങി. ഭക്തിഭ്രാന്തിൻെറ ഫലം അവൾ അനുഭവിക്കട്ടെ എന്നു കേട്ടവരൊക്കെ അഭിപ്രായപ്പെട്ടു. ഒടുവിൽ വസ്തുക്കൾ ജപ്തിചെയ്തു കടം ഈടാക്കാൻ വിധിയും പ്രസ്താവിച്ചുകഴിഞ്ഞു. എന്നിട്ടും "എൻെറ അമ്മതന്നെ എനിക്കാശ്രയം" എന്നുമാത്രമായിരുന്നു അവളുടെ ആശ്വാസപല്ലവി.

ലേലം നടക്കാനുള്ളതിൻെറ തലേദിവസം നമ്മുടെ ഭക്ത കുമ്പസാരിക്കാൻ പള്ളിയിൽ ചെന്നു. പാപസങ്കീർത്തനത്തിനുശേഷം കുമ്പസാരക്കാരനോടു വീട്ടുകാര്യം സംബന്ധിച്ച ചില കാര്യങ്ങൾ അറിക്കയും തൻെറ ഭവനം

ഘോഷം ചെയ്യുമ്പോൾ അവളുടെ മുറിയിൽ ഏകസമ്പത്തായി ഭദ്രമായി നിക്ഷേപിച്ചിരുന്ന ദൈവമാതാവിൻെറ രൂപം, ദയവുചെയ്തു അനുഗ്രഹം ലേലത്തിൽപിടിച്ചു അവൾക്കു കൊടുക്കണമെന്നു അപേക്ഷിക്കയും ചെയ്തു. കമ്പസാരക്കാരൻ വാഗ്ദാനം അനുസരിച്ച് സ്ഥലത്തെത്തി. ആ അവസരത്തിൽ അമേരിക്കയിൽ നിന്നും പുരാതന ചിത്രങ്ങൾ വാങ്ങുന്നതിനായി സ്പെയിനിൽ വന്ന ഏതാനും വ്യാപാരികളും അവിടെ യാദൃച്ഛികമായി വന്നെത്തി. ലേലവും ആരംഭിച്ചു.

വിശേഷവിധിയായി അലങ്കരിച്ചുവച്ചിരുന്ന ദൈവജനനിയുടെ രൂപമാണ് ആദ്യമായി ലേലംവിളിച്ചത്. ആ രൂപം എന്തുവിലകൊടുത്താലും വാങ്ങണമെന്നു തീർച്ചപ്പെടുത്തി കമ്പസാരക്കാരനായ വൈദികൻ ലേലവിലി ഉയർത്തിത്തുടങ്ങി. അമേരിക്കക്കാരും വിടാൻ ഭാവമില്ല. ഇങ്ങനെ അന്യോന്യം അടിക്കടിയായി ലേലസംഖ്യ ഉയർത്തി ആകെയുണ്ടായിരുന്ന കടത്തിലും കൂടുതലായ സംഖ്യയിൽ ചെന്നെത്തി. ഇങ്ങനെ ദൈവജനനിയുടെ സഹായത്താൽ ലഭിച്ച പണംകൊണ്ടു ആ സാധുവിധവയുടെ വസ്തുവകകളെല്ലാംതന്നെ ഒഴിച്ചെടുക്കുന്നതിനു സാധിക്കയുംചെയ്തു.

ദൈവമാതാവിൻെറ നേരെയുള്ള ഭക്തിയിൽ നാമും ഇതുപോലെ ശരണം തേടുന്നതായാൽ "നിന്നാൽ കൈവിടപ്പെട്ടുവെന്നു ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല" എന്നു നമുക്കും ഉറപ്പു പറയാവുന്നതും നമ്മുടെ സകല ആവശ്യങ്ങളിലും ഈ അമ്മ തന്നെ നമ്മുടെ ആശ്രയമായിരിക്കുന്നതുമാണ്.

## തിരുഹൃദയ ഭക്തന്മാർ ൧൧൦൮-ലെ ഇടവമാസത്തിൽ വെക്കേണ്ടപൊതുനിയോഗം.

### തിരുക്കുടുംബത്തിൻെറ മാതൃക.



ദിവ്യരക്ഷകൻ ലോകത്തെ നവീകരിക്കുന്നതിനായിട്ടാണ് മനുഷ്യനായിപ്പിറന്നത്. ലോകത്തിൻെറ ഈ നവീകരണംകുടുംബങ്ങളുടെ നവീകരണം കൊണ്ടല്ലാതെ സാധിക്കുന്നതല്ല. അതിലേക്കു മാതൃകായോഗ്യമായ ഒരു കുടുംബത്തെ ലോകത്തിൽ രൂപവല്ക്കരിക്കുന്നതിന്നു അവിടുന്നു തിരുമനസ്സായി. താൻ ജനിച്ചുവളന്ന നസ്രസിലെ തിരുക്കുടുംബമാണ് ഈ മാതൃകാകുടുംബം. ഒരു ആശാരിപ്പണിക്കാരൻെറപ്രതിദിന പരിശ്രമംകൊണ്ടു നിത്യവൃത്തി കഴിച്ചുപോന്ന ആ കുടുംബം ലൗകികമായ ഐശ്വര്യങ്ങൾക്കുള്ള ഒരു ആസ്ഥാനമായിരുന്നില്ല. എങ്കിലും അവിടെ സദാ സമാധാനവും സംതൃപ്തിയും പരിലസിച്ചിരുന്നു. സകല സമാധാനത്തിൻെറയും ഉല്പത്തിസ്ഥാനമായ ദൈവകുമാരൻെറ സാന്നിദ്ധ്യത്താലാണോ സ്വർഗ്ഗീയമായ പരമാനന്ദവിഭൂതി ഈ പരിശുദ്ധകുടുംബത്തിൽ വിളങ്ങിയിരുന്നതെന്നു വല്ലവരും സംശയിച്ചേക്കാം. അല്ല, അതുകൊണ്ടു മാത്രമല്ല, സാധാരണന്മാർക്കുപോലും അനുകരണീയമായിത്തീരത്തക്ക സാക്ഷാൽ ക്രിസ്തീയ ജീവിതാഭ്യാസത്താലത്രെ ലോകാതീതമായ ഒരു ദൈവവിലാസം അവിടെ പ്രത്യക്ഷപ്പെടുന്നത്. അന്യോന്യസ്നേഹംഇ

തിനുള്ള ഒരു പ്രധാനകാരണമായിരുന്നു. ആ തിരുക്കുടുംബത്തിലെ അംഗങ്ങളെല്ലാം ഏകഹൃദയത്തോടെ കഴിഞ്ഞുകൂടിയിരുന്നു. അഭിപ്രായവ്യത്യാസങ്ങളാകട്ടെ, അന്യോന്യ മത്സരമാകട്ടെ, വിശ്വാസക്കുറവാകട്ടെ, ആ തിരുഭവനത്തിൽ പ്രവേശിച്ചില്ല ഇപ്രകാരം നമ്മിൽ തമ്മിലുള്ള സമാധാനം സ്ഥാപിച്ചുകഴിഞ്ഞാൽ ദൈവത്തോടുള്ള സമാധാനം പാലിക്കുന്നതു വളരെ എളുപ്പമാകുന്നു. ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്വഴങ്ങിയിരിക്കുന്നതിന്നു അഭ്യസിക്കുന്നവർ ദൈവപ്രമാണത്തെ ലംഘിച്ചുകൊണ്ടു ദൈവത്തോടുള്ള പരമസമാധാനത്തെ നഷ്ടപ്പെടുത്തുവാൻ ഇടയാകുന്നതല്ല. ആ പരിശുദ്ധമായ സമനിലയെവിട്ടു, ദൈവഹിതത്തിന്നു വിരോധമായി സ്രഷ്ടാവിനെ പരിത്യജിച്ചു സൃഷ്ടികളുടെ പക്കലേക്കു ഓടുന്നവരാണു യാതൊരു സമാധാനവും കണ്ടെത്താതെ ഈ ലോകത്തിൽ കിടന്നുഴലുന്നതു്. ക്രിസ്തീയകുടുംബങ്ങൾ ഈ തത്വങ്ങളെ മനസ്സിലാക്കി നസ്രസ്സിലെ തിരുക്കുടുംബത്തിന്റെ മാതൃകയെ പാടുപോലെ അനുസരിച്ചുവരുന്നതിനുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കണം.

മിഥുനമാസം— "തിരുഹൃദയഭക്തിപ്രചാരം".

## കർമ്മെലനാഥയുടെ കുഞ്ഞുമക്കൾക്കു്.

### 1 വി. ലൂയീസു ഗൊൺസാഗാ.

#### 5 ആദ്യകുർബാന കൈക്കൊള്ളപ്പാടു്.

പ്രി. കുഞ്ഞുങ്ങളേ,

മാൻറുവാ നഗരത്തിലെ താമസത്തിന്റെശേഷം വി. ലൂയീസും സഹോദരനും കസ്റ്റീലിയോനിൽ സ്വന്ത അരമനയിലേക്കു മടങ്ങി. ലൂയീസിനു അന്നു പന്ത്രണ്ടു വയസ്സുപ്രായമായിരുന്നു. അക്കാലത്തു മിലാനിലെ മെത്രാപ്പോലീത്തായായിരുന്ന കാർളോസു് ബൊറോമെയോ പുണ്യവാൻ വിസിററർ അപ്പസ്തോലിക്കാ ആയി കസ്റ്റീലിയോനിലെത്തി. പുണ്യവാൻ ദേവാലയത്തിൽ പറഞ്ഞ ഒരു പ്രസംഗം ലൂയീസിന്റെ ഹൃദയത്തിൽ നല്ലപോലെ തട്ടിയതിനാൽ അന്നുതന്നെ മെത്രാപ്പോലീത്തായേ തനിച്ചുചെന്നുകണ്ടു. വേഗത്തിൽ ഇരുവരും അന്യോന്യം മനസ്സിലാക്കി. ദൈവവരപ്രസാദത്തിന്റെ പ്രവൃത്തികൾ ഈ ബാലഹൃദയത്തിൽ അത്ഭുതകരമായി നടക്കുന്നതുകണ്ടു വിശുദ്ധൻ ആശ്ചര്യപ്പെട്ടു. ലൂയീസ് അപ്പോഴും വിശുദ്ധകുർബാന കൈക്കൊണ്ടിട്ടില്ലായിരുന്നു എന്നറിഞ്ഞപ്പോൾ പുണ്യവാന്റെ അത്ഭുതംവർദ്ധിച്ചു. ഒട്ടുംതാമസിയാതെ ആദ്യകുർബാന കൈക്കൊള്ളപ്പാടിനു ഒരുങ്ങുന്നതിനു ഉപദേശിക്കയും, തത്സംബന്ധമായി പലസൽബുദ്ധികൾ പറഞ്ഞുകൊടുക്കയും ചെയ്തു. ഒരു പുണ്യവാന്റെ കയ്യിൽ നിന്നു വേറൊരു പുണ്യവാൻ വിശുദ്ധ കുർബാന ഉൾക്കൊണ്ട ആ കാഴ്ച എത്രയോ ഹൃദയംഗമമായിരുന്നു. അതിൽപ്പിന്നെ പാടുപോലെ അടുക്കലടുക്കൽ കുർബാന കൈക്കൊള്ളുന്നതിനു പുണ്യവാൻ ഒരിക്കലും മുടക്കംവരുത്തിയില്ല. അതിലേക്കു കഴിച്ചിരുന്ന ശ്രദ്ധാപൂർവ്വമായ ഒരുക്കങ്ങളും, കൈക്കൊണ്ടുകഴിഞ്ഞു സ്നേഹപരവശനായി കണ്ണുനീർ ചിന്തിക്കൊണ്ടുചെയ്തിരുന്ന ഉപകാരസ്മരണകളും അനേകരേ കർത്താവിന്റെ പക്കലേക്കു ആകർഷിച്ചിട്ടുണ്ടായിരിക്കണം

പ്രി. കുഞ്ഞുങ്ങളേ, ദിവ്യകാരുണ്യ സ്വീകരണത്തിൽ നിങ്ങൾക്കുള്ള ഉത്സാഹം എങ്ങിനെയെന്നും, അതിനുള്ള ഒരുക്കങ്ങളും ഉപകാരസ്മരണകളും എങ്ങിനെയെന്നും പരിശോധിച്ചു വീഴ്ചകളെ തിരുത്താൻ ശ്രമിക്കുക.

## II ഈ മാസത്തെ മദ്ധ്യസ്ഥൻ വി. യോഹന്നാൻ ദമ്മസ്സാക്ക്.

(തിരുനാൾ മേയ് 5. വ്യാഴാഴ്ച)

ഈ പുണ്യവാൻ ക്രിസ്ത്വാബ്ദം എട്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ദൈവജനനിയുടെ ഒരു വലിയ ഭക്തനാണ്. തൻെറ എഴുത്തുകളാലും പ്രസംഗങ്ങളാലും ഈ പരിശുദ്ധ അമ്മയുടെ സ്തുതി പ്രചരിപ്പിക്കുന്നതിനു സദാ ശ്രമിച്ചിരുന്നു. കളവായി ഒരു കുററം ചുമത്തി തുലുക്കരുടെ രാജാവ് അദ്ദേഹത്തിൻെറ കൈ വെട്ടിക്കളഞ്ഞു. ദൈവമാതാവിൻെറ തിരുസ്വരൂപത്തിൻ മുമ്പാകെ മക്കൾക്കുട്ടാത്ത മനോവിശ്വാസത്തോടെ പുണ്യവാൻ ചെന്നു പ്രാർത്ഥിക്കയിൽ അത്ഭുതകരമായി കൈ സുഖപ്പെട്ടു. പരിശുദ്ധ അമ്മയുടെ ഉത്തമമക്കളായി ജീവിക്കുന്നതിനും, പാപത്താൽ അമ്മയെ സങ്കടപ്പെടുത്തുന്നതിനേക്കാൾ മരിക്കുന്നതിനും വേണ്ട മനോഗുണം വി. യോഹന്നാൻ ദമ്മസ്സാക്കിനോട്ട് അപേക്ഷിക്കുക.

## III കെ. സി. സി. എ. ഡയറി.

പാലായിൽ കത്തോലിക്ക കോൺഗ്രസ്സിൽവച്ചു മേ 6—ാംനു- വെള്ളിയാഴ്ച കെ. സി. സി. എ. യുടെ പൊതു വാർഷികസമ്മേളനം കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ അത്യാഡംബരസമേതം നടത്തപ്പെട്ടതു് ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമല്ലൊ. പാലായിലെ സ്വീകരണസംഘത്തിൻെറയും വിശിഷ്യ അതിൻെറ അദ്ധ്യക്ഷനായ റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട് അവർകളുടേയും അശ്രാന്തപരിശ്രമത്താൽ സമ്മേളനം പ്രതീക്ഷയിൽ കവിഞ്ഞു മംഗളമായി കഴിഞ്ഞുകൂടി വിവിധസ്ഥലങ്ങളിൽനിന്നു വന്നുകൂടിയിരുന്ന കുഞ്ഞുമക്കൾ വി. കൊച്ചുത്രേസ്യായുടെ സ്വരൂപവും എഴുന്നള്ളിച്ചുകൊണ്ടു് കാലത്തെ കഴിച്ച ഘോഷയാത്ര പാലാപട്ടണത്തെ മുഴുവൻ ഇളക്കിക്കളഞ്ഞു. സമ്മേളനത്തിനു യോഗശാല മുഴുവൻ നിറഞ്ഞിരുന്നു. മുപ്പതോളം വൈദികരും, ഒട്ടേറെ മഹതീമഹാന്മാരും, രണ്ടായിരത്തിൽപരം കുട്ടികളും അകെക്കൂടി കോൺഗ്രസ്സു ദിവസത്തേതിനേക്കാൾ ആൾക്കൂട്ടം ഒട്ടും കുറവല്ലായിരുന്നു എന്നു പറയപ്പെടുന്നു.

* * *

റവ. ഫാദർ വെള്ളരിങ്ങാട്ട് അവർകളുടെ സ്വാഗതപ്രസംഗവും, റവ. ഫാദർ റൊമേയോ തോമസ് എം. ഏ. അവർകളുടേയും, ഡോക്ടർ പി. ജെ. തോമസ് എം. ഏ. ബി. ലിററ്. അവർകളുടേയും പ്രസംഗങ്ങളും, അദ്ധ്യക്ഷൻ തിരുമനസ്സിലെ ഉപക്രമോപസംഹാരപ്രസംഗങ്ങളും എല്ലാംകൂടെ അസാമാന്യമായ ഒരുണർച്ചയ്ക്കു കാരണമാക്കി. ഗ്രൂപ്പ് ഫോട്ടോയോടും ലഘുഭക്ഷണത്തോടുംകൂടെ മംഗളമായി ചടങ്ങുകൾ അവസാനിപ്പിച്ചു.

* * *

മെക്സിക്കോയിക്കുവേണ്ടി കുഞ്ഞുമക്കളുടെ വകയായി ഒരു പ്രാർത്ഥനാപ്രമേയം സർവ്വസമ്മതമായി പാസ്സാക്കിയിട്ടുണ്ട്. അതിനാൽ മെക്സിക്കോ കാര്യം അനുകൂലമായി കലാശിച്ചെന്ന് അറിയുന്നതുവരെ കുഞ്ഞുമക്കളെല്ലാവരും പ്രതിദിനം ഒരു നന്മനിറഞ്ഞമറിയം ഈ നിയോഗത്തിനായി ചൊല്ലുന്നതിനു ഓർമ്മവയ്ക്കണം. ഞായറാഴ്ചതോറും യോഗത്തിൽ സെക്രട്ടറിമാർ ഈ സംഗതി അനുസ്മരിപ്പിക്കണം. പരിശുദ്ധ പിതാവ് തിരുമേനിയെ അദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു വിവരം അറിയിക്കുന്നതാണു്.

* * *

ഈ മാസത്തിലേ അകെ വര

വ്7ൻ രൂ. 20 ച. 12 കാശാണ്. ഇതിൽനിന്നുള്ള പൊതുഫണ്ടു് ആറര രൂപാ ഉൾപ്പടെ ബേങ്കിൽ ഇപ്പോൾ ആകെ 97 രൂ. 7 ചക്രം 8 കാശാണുള്ളതു്. വാൎഷികസമ്മേളനച്ചെലവിൻെറ കണക്ക് ഇതേവരെ കിട്ടിയിട്ടില്ല.

അമ്മയുടെ വണക്കമാസം മക്കൾ കൂടുന്ന വിധത്തിൽ കഴിക്കാൻ എല്ലാവരും ശ്രമിക്കണം. എനിക്കുവേണ്ടിയും പ്രത്യേകം പ്രാൎത്ഥിക്കണമെ.

എന്നു് നിങ്ങളുടെ
സ്വന്തം കൊച്ചച്ചൻ.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. ശ്രീയേശു ക്രിസ്തു

റവ. ഫാദർ പീററർ കോട്ടിയം.
ചാത്തന്നൂർ (അഞ്ചൽ) മയ്യനാട്ടപോസ്റ്റ്
വില രണ്ടുരൂപാ.

ആബേ ഫോവാർഷിൻെറ സുപ്രസിദ്ധമായ ക്രിസ്തുചരിത്രത്തെ ആസ്പദമാക്കി എഴുതിയിരിക്കുന്ന ഈ വിശിഷ്ടജീവചരിത്രം പന്ത്രണ്ടുപുസ്തകങ്ങളായി പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചിരിക്കുന്നതിൻെറ ഒന്നും രണ്ടും പുസ്തകങ്ങളാണു് ഇപ്പോൾ ഇവിടെ കിട്ടിയിരിക്കുന്നതു്. ദിവ്യരക്ഷകൻെറ മനോഹരമായ ഈ ചരിത്രത്തിനു ആകെ രണ്ടുരൂപായേ വില നിശ്ചയിച്ചിട്ടുള്ളു.

### 2. ഒരുമണിക്കൂർ ഈശോ സഹവാസം.

റവ. എൻ. ജെ. മാവുങ്കൽ.
പുത്തൻപള്ളി വരാപ്പുഴ.
വില ഒന്നരയണ.

വി. കുർബാനയ്ക്കുപകരിക്കുന്ന ആരാധന ജപങ്ങളും കീൎത്തനങ്ങളും സല്ലാപങ്ങളും മററും അടങ്ങിയിരിക്കുന്ന ഈ ചെറിയ പുസ്തകം കാഴ്ചക്കു വളരെ മനോഹരവും ഉപയോഗത്തിൽ ഭക്തിജനകവുമാണെന്നു ആരും സമ്മതിക്കും.

### 3. കിണ്ടർഗാർട്ടൻകഥകളും പാട്ടുകളും.

രണ്ടാംഭാഗം.
ഏ. ററി. ദേവസ്സി ഏങ്ങണ്ടിയൂർ.
വില മൂന്നണ.

മി. ദേവസ്സിയുടെ ആദ്യത്തെ കിണ്ടർഗാർട്ടൻ കൃതിപോലെ തന്നെ ഇതും കുട്ടികൾക്കു പററിയ ഒരു ചെറുപുസ്തകമാണു്. വിദ്യാലയങ്ങളിൽ ഇതിനു ധാരാളം പ്രചാരമുണ്ടാകാതിരിക്കയില്ല.

## വൎത്തമാനക്കുറിപ്പുകൾ.

മേ 1-ാംനു- ഞായറാഴ്ചമുതൽ ഏഴുദിവസത്തേക്കു പാലായിൽവച്ചു കത്തോലിക്കകോൺഗ്രസ്സ് പാരം ഭംഗിയായി നടന്നിരിക്കുന്നു.

ഞായറാഴ്ച വിദ്യാൎത്ഥിസഖ്യത്തിൻെറ കാൎയ്യാലോചനായോഗങ്ങളും തിങ്കളാഴ്ച ജസ്റ്റീസ് മി. തലയത്തിൻെറ അദ്ധ്യക്ഷതയിൽ അതിൻെറ പൊതുയോഗവും നടന്നു.

ഓണാരമ്പിൽ മി. രത്നസ്വാമി എം. ഏ. ബാർ. അററലാ. എം. എൽ. ഏ. അവർകളുടെ അദ്ധ്യക്ഷതയിൽ ചൊവ്വാ ബുധൻ എന്ന ദിവസങ്ങളിൽ കോൺഗ്രസ്സും, ചൊവ്വാഴ്ച ഉച്ചകഴിഞ്ഞു മിസ്സിസ് ഐ. സി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ വനിതാസമ്മേളനവും മോടിയായി കഴിഞ്ഞുകൂടി.

ബുധനാഴ്ച ഉച്ചതിരിഞ്ഞുകൂടിയ യോഗത്തിൽവച്ചു പദ്യപരീക്ഷയിൽ വിജയികളായ ശ്രീമാൻ ജോസഫ് മുകളയിൽ, ചാക്കൊ കോന്നിക്കര, പി. എം. ദേവസ്യാ, എന്നിവൎക്കും, ഗദ്യപരീക്ഷാ വിജയികളായ പി. ഉലഹ

ന്നൻ മാപ്പിള, വി. എക്സ്. ചെറിയാൻ, കെ. കുര്യാക്കോസ് എന്നിവർക്കു, ഉദ്യോഗപരീക്ഷയിൽ ഒന്നാമനായ എം. സി. എം. സെബാസ്ത്യൻ സ്വർണ്ണമെഡലുകൾ നല്കപ്പെട്ടു.

വ്യാഴാഴ്ച കാലത്തു റവ. ഡോക്ടർ പഞ്ഞിക്കാരന്റെ അദ്ധ്യക്ഷതയിൽ മദ്ധ്യവർജ്ജനയോഗവും ഉച്ചകഴിഞ്ഞു റവ. ഫാദർ പാറേലാക്കാരന്റെ ആദ്ധ്യക്ഷത്തിൽ മീനച്ചൽ കത്തോലിക്ക സമാജവാർഷികയോഗവും നടന്നു.

വെള്ളിയാഴ്ച കാലത്തു ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കെ. സി. സി. ഏ. വാർഷിക സമ്മേളനം ആഘോഷപൂർവ്വം നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞു ഡോക്ടർ പി. ജെ. തോമസിന്റെ അദ്ധ്യക്ഷതയിൽ മീനച്ചൽ കത്തോലിക്ക വിദ്യാർത്ഥിസമ്മേളനമായിരുന്നു.

ശനിയാഴ്ച സ്വീകരണകമ്മിററികളുടെ ഏകോപിച്ചുള്ള യോഗം നടക്കുകയുണ്ടായി.

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഇൗവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയുടെ സഹായത്താൽ എന്റെ വ്യാധി ശമിച്ചതിന്നു. തോമസ് ഗോമസ് പുത്തൻതോപ്പ.

വി. അന്തോനീസിന്റെ സഹായത്താലും കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചന്റെ അപേക്ഷയാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിന്നു. കെ. റി. ഐസക്ക് കൈനകരി.

കാഞ്ഞിരപ്പള്ളി പഴേപള്ളി മാതാവിന്റെയും കർമ്മല നാഥയുടെയും അനുഗ്രഹത്താൽ എന്റെ ഭാര്യയുടെ പ്രസവം സുഖമായി നടന്നതിന്നു.

ടി. എസ്. എം. കാഞ്ഞിരപ്പള്ളി.

പരിശുദ്ധ കന്യകയുടെയും കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥം വഴിയായി ഒരു കളവു തെളിഞ്ഞുകിട്ടിയതിന്നു.

വറുഗീസു ഭൂമിനി കാഞ്ഞിരപ്പള്ളി.

തിരുഹൃദയ കാരുണ്യത്താലും വി. കൊച്ചുത്രേസ്യായുടേയും കാലം ചെയ്ത കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചന്റെയും സഹായത്താലും അസാദ്ധ്യമെന്നു കരുതിയിരുന്ന എന്റെ സുഖക്കേടു നീങ്ങിയതിന്നു.

കെ. എ. ജോസഫ് ചിറക്കടവു.

തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും വെണ്ണൂക്കോട്ട വി. അന്തോനീസിന്റെ മാദ്ധ്യസ്ഥതയാലും എന്റെ ചുമ ഭേദപ്പെട്ടതിനു.

ബി. ഏ. ജി. നെടുങ്ങാടെ.

പാറയിൽ പരിശുദ്ധ അമലോത്ഭവമാതാവിന്റെ സഹായത്താൽ എന്റെ ഭാര്യയുടെ പ്രസവം സുഖമായി കഴിഞ്ഞതിനു

സി. സി. പി. ചമ്പക്കുളം.

തിരുഹൃദയത്തിന്റെ മനോഗുണത്താൽ ഒരു അത്യാപത്തിൽ നിന്നു രക്ഷപ്രാപിച്ചതിന്നു. എൽ. ജി. ആർ.

വിശുദ്ധ കൊച്ചുത്രേസ്യായുടെയും കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാണച്ചന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്നു. ജോസഫ് അതിരമ്പുഴ.

അരുവിത്തുറ മാർ ഗീവറുഗീസ സഹദായുടെ പ്രത്യേക സഹായത്താൽ ഭയങ്കരമായ ഒരു ആപത്തിൽനിന്നു രക്ഷപ്രാപിച്ചതിന്നു. പി. പി. വർക്കി പാലാ.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

വടയാററുപള്ളിയിടവക ഉപ്പാണിയിൽ ജെയിംസിന്റെയും ഏലിക്കുട്ടിയുടേയും മകൾ തങ്കമ്മ മാർച്ചു 21-ാംനു- തിങ്കളാഴ്ച.

പാലാ തിരുഹൃദയമഠത്തിൽ ബ. സുനിസ്ലാസ്യാ സഹോദരി ഏപ്രിൽ 5-ാംനു- 21 വയസ്സ്.

ആരക്കുഴപ്പള്ളിയിടവക പുലിമല വറുഗീസു അവർകളുടെ അമ്മ ഏപ്രിൽ 10-നു- ബുധനാഴ്ച 80 വയസ്സ്.

അരുവിത്തുറപ്പള്ളിയിടവക കുന്നേപ്പറമ്പിൽ നിന്നും കിഴക്കേപ്പറമ്പിലായ വർക്കി മീനം 20-ാംനു- 88 വയസ്സ്.

കളത്തൂർപള്ളിയിടവക 25-ാം നമ്പർ കെ. സി. സി. ഏ. അംഗമായ ഇല്ലിനില്ക്കുംതടത്തിൽ തൊമ്മൻ ഏപ്രിൽ 12-ാംനു- 20 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൨൭.    ൧൯൨൭    ഞായറാഴ്ച അക്ഷരം ൫

## ൧൯൨൭ മെയ് — ൧൧൦൨ മേടം – ഇടവം.

ദൈവമാതാവിന്റെ വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 18 | ഞാ | ✠ ഉ. 2ഞാ. ശ്ലീ. പീഢി. യാക്കോ ന. ക. വെ. · ൧൮. ൧൭. 2 | ചു. |
| | | | അടുത്ത ആറാംതീയതി ആദ്യവെള്ളി. | |
| 2 | 19 | തി | അ. മ. അത്തനാസിയോസ് ന. ആ. ക. വെ. | വെ. |
| 3 | 20 | ചൊ | മാർ സ്ലീവായുടെ കണ്ടെത്തൽ ന. ആ. ക. വെ. | ചു. |
| 4 | 21 | ബു | വിധ. മോനിക്കാ ന. ആ. ക. വെ. | വെ. |
| | | | ഇടപ്പള്ളി ഗീവറുഗീസ് തിരുനാൾ. | |
| 5 | 22 | വ്യാ | ✻ പാ. മ. 5–ാം പീയോസ് ന. ആ. ക. വെ. | വെ. |
| 6 | 23 | വെ | യോഹ ശ്ലീ. ലത്തീൻ വാതുക്കൽ ന. ആ. ക. വെ. | ചു. |
| 7 | 24 | ശ | അ. വേദ. സ്തനിസ്ലാവോസ് ന. ആ. ക. വെ. · ൧൮. ൨. ൫ | ചു. |
| 8 | 25 | ഞാ | ✠ ഉ. ൩ഞാ വി. യൗ. മ. ന. ആ. ക. വെ. ✻൧൮(✻൭൨)വെ. | |
| | | | മാന്നാനം, മലയാറ്റൂർ, ഞാറയ്ക്കൽ, മുളക്കുളം, പാവർട്ടി, വി. യൌ. മദ്ധ്യസ്ഥ തിരുനാൾ | |
| 9 | 26 | തി | അ. മ. മ. ഗ്രീഗോരിയോസ്. ന. ആ. ക. വെ. | വെ. |
| 10 | 27 | ചൊ | വേദ. ഗോർദിയാനോസും കൂട്ട. ന. ആ. ക. വെ. | ചു. |
| 11 | 28 | ബു | ✻ രാ. വേദ. ഹെർമേനെ ഏപ്രിൽ 13 ന. ആ. ക. വെ. | ചു. |
| 12 | 29 | വ്യാ | വേദ. നേറോസ്സും കൂട്ട. ന. ആ. ക. വെ. | ചു. |
| 13 | 30 | വെ | വേദ. തീബുർത്തീസും കൂട്ട. ഏപ്രി. 14 ന. ആ. ക. വെ. | ചു. |
| 14 | 31 | ശ | വേദ. ബൊനിഫ്ലാസി ന. ആ. ക. വെ. | ചു. |
| 15 | 1 | ഞാ | ✠ ഉ. 4–ാം ഞാ. ന. ക. ആ. · ൨൫. ൭. 2 | വെ. |
| 16 | 2 | തി | അ. മ. ഉബാൾദോസ ന. ആ. ക. വെ. | വെ. |
| 17 | 3 | ചൊ | ✻ മ. പസ്കാലീസ് ന. ആ. ക. വെ. | വെ. |
| 18 | 4 | ബു | ✻ വേദ. വെനാന്തീസ് ന. ആ. ക. വെ. | ചു. |
| 19 | 5 | വ്യാ | ക. പുദേന്തീനാ ന. ആ. ക. വെ. | വെ. |
| 20 | 6 | വെ | ✻ മ. ബെർണ്ണർദീനോസ് ന. ആ. ക. വെ. | വെ. |
| 21 | 7 | ശ | പാ. വേദ. അനിസേത്തൊ ഏപ്രി. 17 ന. ആ. ക. വെ. | ചു. |
| 22 | 8 | ഞാ | ✠ ന. ക. ഉ. 5–ാം ഞാ. ന. ക. ആ. · ൧൮. ൦. ൫ | വെ. |
| | | | അടുത്ത വ്യാഴം കടം. | |
| 23 | 9 | തി | ല്യത്തിനിയാ ന. ക. ആ. | രോ. |
| 24 | 10 | ചൊ | ല്യത്തനിയാ ന. ആ. ക. ഇന്നലത്തേതു. | രോ. |
| 25 | 11 | ബു | ല്യത്തിനിയാ ന. ആ. ക. തലേനാൾ. | രോ. |
| 26 | 12 | വ്യാ | ✠ ന. ക. സ്വർഗ്ഗാരോഹണം ന. ക. വെ. | വെ. |
| 27 | 13 | വെ | പാ. വേ. യോഹന്നാൻ ന. ആ. ക. വെ. | ചു. |
| 28 | 14 | ശ | ✻ അ. മ. മ. അൻസേൽ. ഏപ്രി. 21 ന. ആ. ക. വെ. | വെ. |
| 29 | 15 | ഞാ | ✠ ന. ക. ഉ. 6–ാം ഞാ. ന. ക. ആ. · ൧൮. ൯. 2 | വെ. |
| | | | കൊഴുവനാൽ തിരുനാൾ. | |
| | | | അടുത്ത ൩–ാംനു-ആദ്യവെള്ളി. | |
| 30 | 16 | തി | പാ. വേദ. ഫെലിക്ക്സ് ന. ആ. ക. വെ. | ചു. |
| 31 | 17 | ചൊ | ക. പത്രോനീലാ ന. ആ. ക. വെ. | വെ. |

നാളെ തിരുഹൃദയവണക്കമാസം ആരംഭിക്കും.

Printed and Published for the Proprietor by P. K. Joseph
at the St. Joseph's Press Mannanam, 1927.